കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

email – dopkd.ksad@kerala.gov.in

www.lfa.kerala.gov.in

# കോട്ടോപ്പാടം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-പി.കെ.ഡി9/537/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

തീയതി – 20.06.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കോട്ടോപ്പാടം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കോട്ടോപ്പാടം ഗ്രാമ പഞ്ചായത്ത് - 2017 - 18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്ത് ഭരണസമിതി പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഭരണസമിതി എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി9/537/2019 തീയതി – 20.06.2019

## പാലക്കാട് ജില്ലയിലെ കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത്14-07-2017 മുതൽ 31-03-2018 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്എന്നിവയും, 14-07-2017 മുതൽ 31-12-2018 തിയതി വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ് ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14-03-2019മുതൽ 26-03-2019വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പി.ജി.ബിന്ദു | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| | ശ്രീമതി. യു. പ്രീത | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.പി.രമാദേവി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ലിക്സി അലക്സ് | ഓഡിറ്റർ (14-03-2019മുതൽ 23-03-2019വരെ) |

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീ മുഹമ്മദ് ഇക്ബാൽ | 01-04-2017 മുതൽ 31-3-2018 വരെ |

സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| ശ്രീമതി ശ്രീകുമാരി ടി.വി, അസി.സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്) | 01-04-17 മുതൽ 03-04-17 വരെ |
| ശ്രീ ജയദേവൻ. വി | 04-04-17 മുതൽ 31-03-18വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസി.സെക്രട്ടറി | ശ്രീമതി.ശ്രീകുമാരി.ടി.വി | 01-04-17 മുതൽ 23-06-17 വരെ |
| | ശ്രീമതി.ശ്രീദേവി.സി.എൻ | 24-06-17 മുതൽ 5-07-17 വരെ |
| | ശ്രീമതി. പ്രീത വി. പ്രഭു | 6-07-17 മുതൽ 31-3-18 വരെ |
| അസി.എഞ്ചിനീയർ | ശ്രീ. കെ.അബ്ദുൾഅസ്സീസ് | 1-04-17 മുതൽ |

| | | |
|---|---|---|
| | | 31-3.2018വരെ |
| കൃഷിഓഫീസർ | ശ്രീമതി ശാന്തിനി.എസ് | 01-04-17 മുതൽ 26-10-17 വരെ |
| | ശ്രീ. തേജസ്സ് ജോർജ്ജ് | 27.10.17 മുതൽ 31.03.18 വരെ |
| വെറ്ററിനറി സർജ്ജൻ | ശ്രീമതി. ദിവ്യ. ആർ | 01-04-17 മുതൽ 31-12-17 വരെ |
| | ശ്രീമതി. ശാന്തി ജയലക്ഷ്മി | 1-01-18 മുതൽ 31-03-18 വരെ |
| വി.ഇ.ഒ | ശ്രീ. നന്ദകുമാർ. പി | 01-04-17 മുതൽ 23-06-17 വരെ |
| | ശ്രീ.രഞ്ജിത്ത്കുമാർ.പി.വി | 24-06-17 മുതൽ 21-02-17 വരെ |
| | ശ്രീ. നന്ദകുമാർ.പി | 22-2-17 മുതൽ 31-3-18 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ഹാജിറാബീഗം | 01-04-17 മുതൽ 31-07-17 വരെ |
| | ശ്രീമതി. ഷമീന. ജെ | 01-08-17 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ. അബ്ദു കല്ലടി | 01-04-17 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ. ദിനേശൻ | 01-04-17 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ. രഹ്ന രവീന്ദ്രൻ | 01-04-17 മുതൽ 23-04-17 വരെ |
| | ഡോ. നസ്രിൻ മൂസ | 24-04-17 മുതൽ 31-3-18 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. പ്രിയ. പി. ബി | 01-04-17 മുതൽ 26-07-17 വരെ |

| | | |
|---|---|---|
| | ശ്രീമതി. ശ്യാമ എം.എ | 27-07-17 മുതൽ 31-03-18 വരെ |
| ഹെഡ്മാസ്റ്റർ, GLPS | ശ്രീ. ശശി ഇ.എൻ | 01-04-17 മുതൽ 31-3-18 വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-4 |
| 5 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളുടെ മറ്റ് അപാകതകൾ | 1-12 |


ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വസ്തുനികുതി രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 2-1 |
| 2 | തൊഴിൽനികുതി – രേഖകളുടെ പരിശോധന | 2-2 |
| 3 | സങ്കേതം സോഫ്റ്റ്വെയർ പ്രകാരമുള്ള അപേക്ഷകളിലൂടെ പെർമിറ്റ് ഫീ ഈടാക്കുന്നത് ക്രമപ്രകാരമല്ല | 2-3 |
| 4 | ഡി&ഒ ലൈസൻസ് – പുതുക്കിയ ചട്ടങ്ങളുടെ പാലനം | 2-4 |
| 5 | ബജറ്റ് നടപടിക്രമങ്ങൾ | 2-5 |

<u>ഭാഗം-III</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം | പരാമർശം | ഖണ്ഡിക നം |
|---|---|---|
| 1 | സദ്ഭരണം - പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിലെ പുരോഗതി | 3-1 |
| 2 | ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ് – അർഹമായ തുക അനുവദിക്കേണ്ടതാണ് | 3-2 |
| 3 | തെരുവ് വിളക്കുകളുടെ കണക്ക് - കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി കൃത്യമാക്കേണ്ടതാണ് | 3-3 |
| 4 | തെരുവ് വിളക്കുകൾ – രജിസ്റ്ററുകളുടെ സൂക്ഷിപ്പ് | 3-4 |
| 5 | 16 –ാം വാർഡ് തെരുവ് വിളക്കുകൾ സ്ഥാപിക്കൽ -ടെണ്ടർ നിബന്ധനകൾ പാലിച്ചില്ല | 3-5 |
| 6 | പൊതുമരാമത്ത് പ്രവൃത്തികൾ ആസൂത്രണവും നിർവ്വഹണവും-പൊതുഅവലോകനം | 3-6 |
| 7 | സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല | 3-7 |

| | | |
|---|---|---|
| 8 | ഇ ടെണ്ടർ (റീടെണ്ടർ) നടപടികളിലെ അപാകതകൾ | 3-8 |
| 9 | കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല | 3-9 |
| 10 | ഇളംപിലാവിൽ റോഡ് ടാറിംഗ് (128/15-16) -അപാകതകൾ | 3-10 |
| 11 | പദ്ധതി നിർവ്വഹണം -സബ് സിഡി മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് നടപ്പാക്കേണ്ടതാണ് | 3-11 |
| 12 | ഏറ്റെടുത്ത പ്രൊജക്ട് നടപ്പാക്കിയില്ല | 3-12 |
| 13 | ഗുണഭോക്തൃ വിഹിതത്തിനു പകരം പ്ലാൻ ഫണ്ട് ചെലവഴിച്ചു | 3-13 |
| 14 | ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് | 3-14 |
| 15 | മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 3-15 |
| 16 | വാങ്ങൽ നടപടികൾ – ടെണ്ടർ നിബന്ധനകൾ പാലിക്കേണ്ടതും, പ്രൊക്യൂർമെന്റ് കമ്മിറ്റി നടപടികൾ സുതാര്യമാക്കേണ്ടതുമാണ് | 3-16 |

## ഭാഗം-IV

## ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |

| | | |
|---|---|---|
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് താഴെ പറയും വിധം 28.3.17 തീയതിയിലെ 1(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു.

| | |
|---|---|
| മുന്നിരിപ്പ് | 20164084 |
| പ്രതീക്ഷിത വരവ് | 159217000 |
| ആകെ | 179381084 |
| പ്രതീക്ഷിത ചെലവ് | 161266500 |
| നീക്കിയിരുപ്പ് | 18114584 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31.07.2018 | 19.05.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25.06.2018 മുതൽ 26.06.2018 വരെ | KSA–PKD21/1904(29)/18 /29.08.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 37171920 |
| വരവ് | 78526298 |
| ആകെ | 115698218 |
| ചെലവ് | 97840663 |
| നീക്കിയിരിപ്പ് | 17857555 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 21482000 | 21482000 | 17102448 | 4379552 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 8531786 | 8531786 | 4970473 | 3561313 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 179926 | 179926 | 20000 | 159926 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 10599000 | 10599000 | 10585320 | 13680 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4765000 | 4765000 | 4227354 | 537646 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 10089196 | 10089196 | 4553836 | 5535360 |
| ബി ഫണ്ട് | 0 | 1099520 | 1099520 | 1099520 | 0 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | 108434 | 12157513 | 12265947 | 12264984 | 963 |
| തനത് ഫണ്ട് -ബാങ്ക് അക്കൗണ്ട്- (സർവ്വീസ് സഹകരണ ബാങ്ക്, അരിയൂർ) | 6668379 | 13073173 | 19741552 | 6662862 | 13078690 |
| തനത് ഫണ്ട് - ട്രഷറി അക്കൗണ്ട്- ജനറൽ പർപ്പസ് ഗ്രാന്റ് & മറ്റുള്ളവ | 30370164 | 17989723 | 48359887 | 47282117 | 1077770 |
| ജോയിന്റ് വെഞ്ചർ - ബ്ലോക്ക് വിഹിതം | 0 | 191250 | 191250 | 191250 | 0 |
| ടി - ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 50000 | 50000 | 50000 | 0 |
| സാക്ഷരത | 7135 | 0 | 7135 | 0 | 7135 |
| ദുരിതാശ്വാസനിധി | 862 | 0 | 862 | 0 | 862 |
| ടി.പി.അക്കൗണ്ട് | 12840 | - | 12840 | - | 12840 |
| മറ്റിനം (കാനറാ ബാങ്ക്) | 4106 | 3732367 | 3736473 | 316133 | 3420340 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ചെലവ് ശതമാനം |
|---|---|---|---|---|---|
| 244 | 99481607 | 169 | 54484784 | 75 | 54.76 |

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരം നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് വിവരം

| നിർവ്വഹണ ദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 17 | 11 | 7212284 | 1346716 | 19 |
| അസി.സെക്രട്ടറി | 8 | 7 | 4210000 | 2766825 | 66 |
| കൃഷി ഓഫീസർ | 5 | 5 | 1952760 | 1046720 | 54 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 7 | 6 | 1171000 | 1088985 | 93 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 300000 | 300000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 2 | 2 | 900000 | 900000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 6 | 7850100 | 7581693 | 97 |
| വെറ്ററിനറി സർജ്ജൻ | 5 | 4 | 4500000 | 3298000 | 73 |
| ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ് | 6 | 5 | 3325000 | 2612373 | 79 |
| വി.ഇ.ഒ | 19 | 14 | 28104700 | 14560818 | 52 |
| അസി.എഞ്ചിനീയർ | 166 | 107 | 39437763 | 18464654 | 47 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 518000 | 518000 | 100 |
| ആകെ | 244 | 169 | 99481607 | 54484784 | 54.74 |

ആകെ വകയിരുത്തിയ തുകയുടെ 54.74% ആണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ആസൂത്രണ സമിതിയുടെയും, സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും ഇടപെടൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ആസൂത്രണ സമിതി

സ.ഉ (എം.എസ്) നം. 10/17/തസ്വഭവ തിയതി 09-01-2017 പ്രകാരം പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആസൂത്രണ നിർവ്വഹണ പ്രക്രിയകളിലെ ജനപങ്കാളിത്തം ഉയർത്തുന്നതിനും ഭരണസമിതിയെ സഹായിക്കാനായി ഒരു ആസൂത്രണ സമിതി രൂപീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളെ സഹായിക്കുവാനും ആസൂത്രണത്തിന് ആവശ്യമായ പഠനങ്ങളും ചർച്ചകളും നടത്തുവാൻ ഭരണസമിതിയെ ആസൂത്രണ സമിതി സഹായിക്കേണ്ടതുണ്ട്. പ്രസിഡണ്ട് അധ്യക്ഷനും സെക്രട്ടറി കൺവീനറും ഒരു വിദഗ്ദൻ ഉപാധ്യക്ഷനുമായി 12 ൽ കുറയാത്ത അംഗങ്ങളുള്ള സമിതിയാണ് രൂപീകരിക്കേണ്ടത്. പഞ്ചായത്തിൽ ആസൂത്രണ സമിതി രൂപീകരിച്ചതിന്റെ രേഖകളോ, യോഗ നടപടിക്രമങ്ങളുടെ മിനുട്സോ ഓഡിറ്റിന് ലഭ്യമായില്ല.

2. വർക്കിംഗ് ഗ്രൂപ്പുകൾ

അനിവാര്യമായി രൂപീകരിക്കേണ്ട 13 വർക്കിംഗ് ഗ്രൂപ്പുകൾ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി മിനിറ്റ്സുകൾ പരിശോധിച്ചതിൽ മിക്ക വർക്കിംഗ് ഗ്രൂപ്പുകളും 4 മുതൽ 5വരെയോഗങ്ങൾ വീതം ചേർന്നിട്ടുള്ളതായി കണ്ടു. മിക്ക വർക്കിങ്ങ് ഗ്രൂപ്പുകളിലും യോഗതീരുമാനങ്ങൾക്കു ശേഷം മിനുട്സുകൾ ക്ലോസ് ചെയ്യുന്നില്ല.

പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച തീരുമാനങ്ങൾ മാത്രമാണ് മിനുട്സുകളിൽ ചേർത്തിട്ടുള്ളത്. മുൻപ് നടപ്പിലാക്കിയ പദ്ധതികളുടെ വിലയിരുത്തൽ, പദ്ധതി നിർവ്വഹണം സംബന്ധിച്ച മോണിട്ടറിങ്ങ് എന്നിവ മിനുട്സുകളിൽ ഉൾപ്പെടുത്തുന്നില്ല.അതാത് പദ്ധതി ഫയലുകളിലും മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല. ഓരോ വർക്കിങ്ങ് ഗ്രൂപ്പും മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്.

വിവിധ മേഖലകളിലെ അടിസ്ഥാന വിവരങ്ങൾ അടങ്ങുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകൾ അതാത് വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയിട്ടുണ്ട്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം (സ.ഉ (എം.എസ്) 79/2017/ത.സ്വ.ഭ.വ തീയതി 03.04.2017 പ്രകാരം)

- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ഓരോ മാസത്തെയും വരവ് - ചെലവ് കണക്കുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബജറ്റ് അംഗീകരിച്ച് ആയതിന്റെ വിശദാംശങ്ങൾ മിനുട്സിൽ ഉൾപ്പെടുത്തുന്നുണ്ട്.

- വികസന കാര്യം
- വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ 2016-17 വാർഷിക പദ്ധതി അവലോകനം, 2017-18 വാർഷിക പദ്ധതി രൂപീകരണം സംബന്ധിച്ച് ഗ്രാമസഭകളിൽ അവതരിപ്പിച്ച കരട് പദ്ധതികൾ, വർക്കിങ്ങ് ഗ്രൂപ്പ് സമർപ്പിച്ച സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവയെ അടിസ്ഥാനപ്പെടുത്തി ചർച്ചകൾ നടത്തിയതായി കാണുന്നു. 2017-18 വാർഷിക പദ്ധതി പുരോഗതി വിലയിരുത്തി നിർവ്വഹണോദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതായും കാണുന്നു. പദ്ധതിച്ചെലവിൽ കാര്യമായ പുരോഗതി കൈവരിക്കുവാൻ കഴിയാത്തത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.
- ക്ഷേമകാര്യം

ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുക്കുന്ന ചുമതല മാത്രമാണ് കമ്മറ്റി നിർവ്വഹിച്ചിട്ടുള്ളത്. ആശ്രയ, പാർപ്പിടം, ദാരിദ്ര്യ ലഘൂകരണ പദ്ധതികൾ തുടങ്ങിയ പ്രധാന ക്ഷേമ പദ്ധതികളുടെ മുൻകാലനിർവ്വഹണത്തിന്റെ വിലയിരുത്തൽ, ആയതിന്റെ അടിസ്ഥാനത്തിൽ തൻവർഷത്തെ ആസൂത്രണം, നിർവ്വഹണം, സമയബന്ധിതമായ പൂർത്തീകരണം എന്നിവ സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലുകളും മിനുട്സിൽ ഇല്ല.

ദാരിദ്ര്യ ലഘൂകരണ പദ്ധതികളുടെ ആസൂത്രണം, നിർവ്വഹണം, മോണിട്ടറിങ്ങ് തുടങ്ങിയവയിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

- ആരോഗ്യം/ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി

ഹരിത കേരളം, വാർഡ് തല ശുചീകരണ പ്രവർത്തികൾ, പ്ലാസ്റ്റിക് നിരോധനം, പൊതു കിണറുകളുടെ സംരക്ഷണം, വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ പദ്ധതികൾ സംബന്ധിച്ച് യോഗങ്ങളിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്. മുൻപ് നടപ്പിലാക്കിയ പദ്ധതികളുടെ വിലയിരുത്തൽ, പദ്ധതി നിർവ്വഹണം സംബന്ധിച്ച മോണിട്ടറിങ്ങ് എന്നിവ മിനുട്സുകളിൽ ഉൾപ്പെടുത്തുന്നില്ല. ആയതിന്റെ ഫലപ്രദമായ ആസൂത്രണവും, നിർവ്വഹണവും കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 108434 | 761543 | 869977 | 869014 | 963 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 11503277 | 11503277 | 11503277 | 0 |
| ആകെ | 108434 | 12264820 | 12373254 | 12372291 | 963 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 77520 | 147 |
| കർഷക തൊഴിലാളി പെൻഷൻ | 1683300 | 535 |
| വിധവാ പെൻഷൻ | 5437200 | 1669 |
| വാർദ്ധക്യകാല പെൻഷൻ | 6634500 | 1928 |
| വികലാംഗ പെൻഷൻ | 1331700 | 412 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 264300 | 81 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 15.12.2018 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ 14.02.2019 ന് നടത്തുകയുണ്ടായി. പരിശോധനയിൽ 10678/-രൂപ കാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാകുന്നതിന് ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിന്റെ ഭാഗമായി പഞ്ചായത്ത് ഓഫീസ് നവീകരണം, റെക്കോർഡ് റൂം നിർമ്മാണം, പഞ്ചായത്ത്ഓഫീസ് കമ്പ്യൂട്ടർ നെറ്റ് വർക്കിങ്ങ് എന്നീ പദ്ധതികൾ 2018-19 വർഷത്തിലാണ് പൂർത്തീകരിച്ചിട്ടുള്ളത്.

രജിസ്റ്ററുകളുടെയും, രേഖകളുടെയും സൂക്ഷിപ്പ്

1. ഇൻക്യുമ്പൻസി രജിസ്റ്റർ

ഘടക സ്ഥാപനങ്ങളിലേതടക്കമുള്ള നിർവ്വഹണോദ്യോഗസ്ഥരുടെ സ്ഥിര/ഔദ്യോഗിക മേൽവിലാസം ഉൾപ്പെടുന്ന മാസ്റ്റർ ഇൻക്യുമ്പൻസി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

2. കേന്ദ്ര ഫണ്ട്, സംയുക്ത പദ്ധതികൾക്ക് ലഭ്യമാകുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം, സ്പെസിഫിക്ക് പർപ്പസ് ഗ്രാന്റുകൾ എന്നിവയുടെ വരവ് - ചെലവ് കണക്കുകളടങ്ങിയ എ.സി.ആർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
3. പദ്ധതി രൂപീകരണത്തിന് സഹായകമാകും വിധം വിവിധ മേഖലകളിലെ സ്റ്റാറ്റസ് റിപ്പോർട്ടുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്.
4. ആസൂത്രണ സമിതി, ബജറ്റ് നടപടിക്രമങ്ങളുടെ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
5. തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ, മെയ് ന്റനൻസ് രജിസ്റ്റർ, തെരുവ് വിളക്ക് സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി വിളക്കുകളുടെ കൃത്യമായ എണ്ണം കണക്കാക്കിയിട്ടില്ല.
6. സ്റ്റോക്ക് രജിസ്റ്ററുകളിൽ ആസ്തിയുടെ മൂല്യം ചേർക്കുന്നില്ല.

പ്രൊക്യൂർമെന്റ് കമ്മിറ്റി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ (പി) 259/2010 ത.സ്വ.ഭ.വ 08.11.2010 പ്രകാരം പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം കമ്മിറ്റി 4 തവണ യോഗം ചേർന്നിട്ടുണ്ട്. വിവിധ പർച്ചേസുകളിലെ കുറഞ്ഞ നിരക്കിലുള്ള

ടെണ്ടറുകൾ പ്രസ്തുത യോഗങ്ങളിൽ അംഗീകരിച്ചിട്ടുണ്ട്. മേൽ ഉത്തരവനുസരിച്ച് സാമഗ്രികളുടെ വാർഷിക ആവശ്യകത കണക്കാക്കി സമഗ്രമായ ഒരു സമാഹരണ പദ്ധതി പ്രൊക്യൂർമെന്റ് ടീം തയ്യാറാക്കേണ്ടതാണ്. പ്രൊക്യൂർമെന്റ് ടീം ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.02.2019 | 01/2019 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.08.2009 | 2004 - 05 മുതൽ 2008 - 09 വരെ | 18.09.2009 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ (ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്തത്)

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ

1. മെയ്ന്റനൻസ് ഗ്രാന്റ് (റോഡ്, നോൺ റോഡ്) - വാർഷിക കണക്കിലെ തുകകൾ എ.സി.ആർ പ്രകാരമുള്ള കണക്കുകളിൽ നിന്ന് വ്യത്യസ്തമാണ്.
2. തൻവർഷം ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ലഭ്യമായ 50000/-രൂപ വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല.
3. കേന്ദ്ര ഫണ്ട്, സംയുക്ത പദ്ധതികൾക്ക് ലഭ്യമാകുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം, സ്പെസിഫിക്ക് പർപ്പസ് ഗ്രാന്റുകൾ എന്നിവയുടെ വരവ് - ചെലവ് കണക്കുകളടങ്ങിയ എ.സി.ആർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 വസ്തുനികുതി രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 1. മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ പേരും സ്ഥാപിച്ചിരിക്കുന്ന സ്ഥല വിവരങ്ങളും ലഭ്യമാക്കേണ്ടതാണ് എന്നും, അസസ്സ് ചെയ്ത നികുതിയും, നിലവിലുള്ള വസ്തുനികുതി കുടിശ്ശികയും എത്ര രൂപയാണെന്നും വ്യക്തമാക്കേണ്ടതാണെന്നുമുള്ള ഓഡിറ്റ് അന്വേഷണത്തിനു ഇപ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

14 മൊബൈൽ ടവറുകളാണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത്. അവയിൽ നിലവിൽ 2 ടവറുകൾക്ക് മാത്രമാണ് വസ്തുനികുതി കുടിശ്ശികയുള്ളത്.

| ക്രമ നം. | വാർഡ്/കെട്ടിടനം. | അസസ്സ് ചെയ്ത നികുതി | കുടിശ്ശിക |
|---|---|---|---|
| 1 | 12/96 (റിലയൻസ് കമ്യൂണിക്കേഷൻ) | 3233 | 3226 |
| 2 | 16/677 (കല്ലടി മുഹമ്മദ്, കോട്ടോപ്പാടം) | 5040 | 15120 |

മേൽ സൂചിപ്പിച്ച വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രെയ്നേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തുനികുതിയുടെ 3% ൽ കുറയാത്ത തുക.
2. തെരുവുവിളക്കുകൾ - വസ്തുനികുതിയുടെ 2% ൽ കുറയാത്ത തുക.
3. ശുചിത്വ പരിപാലനം - വസ്തുനികുതിയുടെ 4% ൽ കുറയാത്ത തുക.
4. ഡ്രെയ്നേജ് - വസ്തുനികുതിയുടെ 1% ൽ കുറയാത്ത തുക.

അപ്രകാരം സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണ (7/19.03.2019)ത്തിന്, പഞ്ചായത്ത് കമ്മിറ്റിയുമായി സേവന ഉപനികുതിയെ സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണെന്ന് മറുപടിയായി അധികൃതർ അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. സത്യവാങ്മൂലങ്ങൾ ലഭ്യമാക്കേണ്ടതാണ്

സ.ഉ (എം.എസ്) നം.144/15/തസ്വഭവ തിയതി 27-4-15, സ.ഉ (എം.എസ്) നം.358/15/തസ്വഭവ തിയതി 16-12-15 എന്നിവ പ്രകാരം ഉടമയുടെ സത്യവാങ്മൂലം ലഭ്യമാക്കി 60 ച.മീ. (660 സ്ക്വയർ ഫീറ്റ്) വരെ തറ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളുടെ നികുതി ഒഴിവാക്കിയതിന്റെ വിവരവും എത്ര വീടുകളെ അത്തരത്തിൽ ഒഴിവാക്കിയെന്ന് അറിയിക്കേണ്ടതാണെന്നും എന്നുമുള്ള അന്വേഷണത്തിന് മറുപടിയായി 4115 കെട്ടിടങ്ങളെ അത്തരത്തിൽ ഒഴിവാക്കിയിട്ടുണ്ടെന്ന് അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്.

4. സഞ്ചയ പ്യൂരിഫിക്കേഷൻ

സഞ്ചയയിലെ ഡാറ്റയുടെ കൃത്യത പരിശോധിച്ചുള്ള പ്യൂരിഫിക്കേഷൻ നടപടികൾ 100% പൂർത്തീകരിച്ചിട്ടുണ്ട്.

5.കുടിശ്ശിക പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

2017-2018 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം താഴെ കൊടുത്തിരിക്കും വിധം വസ്തുനികുതി കുടിശ്ശികയാണുള്ളത്:

റെസിഡെൻഷ്യൽ കെട്ടിടങ്ങൾ

തൻ വർഷ കുടിശ്ശിക- 200355 രൂപ

മുൻ വർഷങ്ങളിലെ കുടിശ്ശിക- 486370 രൂപ

നോൺ റെസിഡെൻഷ്യൽ കെട്ടിടങ്ങൾ

തൻ വർഷ കുടിശ്ശിക - 272632രൂപ

മുൻ വർഷങ്ങളിലെ കുടിശ്ശിക- 321685 രൂപ

ആകെ കുടിശ്ശിക- 1,281,042 രൂപ

മേൽ കൊടുത്തിരിക്കുന്ന കുടിശ്ശിക ഈടാക്കാൻ പഞ്ചായത്ത് സ്വീകരിച്ച നടപടികളും, നിലവിലെ സ്ഥിതിയും അറിയിക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, കുടുംബശ്രീ മുഖാന്തിരം ഡിമാന്റ് നോട്ടീസ് നേരിട്ട് നികുതിദായകരിൽ എത്തിച്ചും, ക്യാമ്പ് കളക്ഷൻ വഴിയും, തപാൽ മാർഗ്ഗം അരിയർ ഡിമാൻറ് നോട്ടീസ് അയച്ചും കുടിശ്ശിക ഉൾപ്പെടെ നികുതി പിരിവ് ഊർജ്ജിതമാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്.

വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-2 തൊഴിൽനികുതി രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട വസ്തുതകൾ

## 1.റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റീട്ടെയിൽ റേഷൻ ഡിപ്പോകളിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ കണ്ടെത്തി. പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ട റേഷൻ കടകളുടെ തൊഴിൽനികുതി 2017-18 വർഷത്തെ രണ്ട് അർദ്ധ വർഷങ്ങളിലും ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ 13 റേഷൻ കടകളാണുള്ളത് .(ഓഡിറ്റ് അന്വേഷണം-5/16.03.2019)

| ക്രമ നം. | വാർഡ് | പൊതുവിതരണ കേന്ദ്രത്തിന്റെ പേര് |
|---|---|---|
| 1 | 1 | കാപ്പ്പറമ്പ് |
| 2 | 21 | വലിയപാറ |
| 3 | 22 | തിരുവിഴാംകുന്ന് |
| 4 | 4 | കച്ചേരിപ്പറമ്പ് |
| 5 | 15 | ഭീമനാട് |
| 6 | 12 | കൊമ്പം |
| 7 | 13 | കൊടക്കാട് |
| 8 | 10 | ആര്യമ്പാവ് |
| 9 | 6 | പുറ്റാനിക്കാട് |
| 10 | 8 | വേങ്ങ |
| 11 | 8 | കളത്തിൽതൊടി |
| 12 | 18 | പാറപ്പുറം |
| 13 | 16 | കോട്ടോപ്പാടം |

റേഷൻകടകളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2. സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിട്ടില്ല

1. കച്ചേരിപ്പറമ്പ് ക്ഷീരോദ്പാദക സഹകരണ സംഘം
2. ആര്യമ്പാവ് ക്ഷീരോദ്പാദക സഹകരണ സംഘം
3. മലേരിയം ക്ഷീരോദ്പാദക സഹകരണ സംഘം
4. കണ്ടമംഗലം ക്ഷീരോദ്പാദക സഹകരണ സംഘം

ഇവയിൽ, കണ്ടമംഗലം ക്ഷീരോദ്പാദക സഹകരണ സംഘം 2017-18 വർഷത്തെ സ്ഥാപന തൊഴിൽനികുതിയായ 2500 രൂപ, 11.07.18 ലെ രസീതി നം. 118020101460 മുഖേന ഈടാക്കിയിട്ടുണ്ട്. ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽനികുതിയും, (1), (2), (3) സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽനികുതിയും, ജീവനക്കാരുടെ തൊഴിൽനികുതിയും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

അസിസ്റ്റൻറ് എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ട താഴെപ്പറയുന്ന കരാറുകാരുടെ തൊഴിൽനികുതി 2017-2018 സാമ്പത്തിക വർഷത്തിൽ ഈടാക്കിയിട്ടില്ല.

1. എം. ജമാൽ
2. എ. അബ്ദുൾ റസാഖ്
3. എം. അബ്ദുൾ സമദ്
4. പി. കുഞ്ഞലവി
5. എ. കെ. വീരാൻകുട്ടി
6. പി. മമ്മി
7. യു. മുഹമ്മദ് അഷറഫ്
8. പി. അലവി
9. കെ. അബ്ദുൾ റഹിമാൻ
10. കെ. ബഷീർ
11. വി. അബു
12. കെ. ബാവ
13. അബ്ദുൾ സലീം
14. എ. ഹംസ

15. കെ. ജംഷാദ്

16. കെ. ഹസ്സൻ

17. കെ. അബ്ദുൾ ജബ്ബാർ

18. എം. സൈദലവി

19. നിഷാദ്. എം

20. എം. അബ്ദുൾ ഹമീദ്

21. സി. എസ്. അരുൺ

22. കെ. അവരാൻ

23. എം. അബ്ദുൾ നാസർ

24. കെ. ഫിർദോസ് ബാബു

മേൽ സൂചിപ്പിച്ച കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 സങ്കേതം സോഫ്റ്റ്‌വെയർ പ്രകാരമുള്ള അപേക്ഷകളിൽ പെർമിറ്റ് ഫീ ഈടാക്കുന്നതിന് ഫ്ലോർ ഏരിയയ്ക്ക് പകരം പ്ലിന്ത് ഏരിയയെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 11 (3) പ്രകാരമുള്ള ഷെഡ്യൂൾ II-ൽ മൊത്തം തറ വിസ്തീർണ്ണത്തെ (ഫ്ലോർ ഏരിയ) അടിസ്ഥാനമാക്കിയാണ് പെർമിറ്റിനുള്ള ഫീസ് നിശ്ചയിക്കേണ്ടത്. സങ്കേതം സോഫ്റ്റ്‌വെയർ പ്രകാരം തയ്യാറാക്കിയിട്ടുള്ള അപേക്ഷകളിൽ പെർമിറ്റ് ഫീ ഈടാക്കുന്നത് പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിലാണെന്ന് പരിശോധനയിൽ കണ്ടെത്തി.

ഏതാനും ഉദാഹരണങ്ങൾ താഴെ നല്കുന്നു.

| വ്യക്തിയുടെ പേര് | വാർഡ് നം. | പ്ലിന്ത് ഏരിയ ($m^2$) | പ്ലോട്ട് വിസ്തീർണ്ണം ($m^2$) | F.A.R |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഹംസ.കെ, മേലെ അരിയൂർ | 8 | 177.17 | 1214 | 0.14 |
| കുഞ്ഞിപ്പഹാജി തിരുവിഴാംകുന്ന് | 22 | 651 | 620 | 1.05 |
| കൃഷ്ണൻകുട്ടി കച്ചേരിപ്പറമ്പ് | 22 | 171 | 2266.32 | 0.075 |

ചട്ടങ്ങളിലെ അവ്യക്തതകളും സോഫ്റ്റ്‌വെയറിലെ അപാകതകളും മൂലമാണ് പെർമിറ്റ് ഫീസ് ഈടാക്കുന്നതിൽ അവ്യക്തത നിലനിൽക്കുന്നതെങ്കിൽ അക്കാര്യം ഉന്നതാധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണെന്ന ഓഡിറ്റ് അന്വേഷണ (8/19.03.2019) നുള്ള മറുപടിയായി അപ്രകാരം ശ്രദ്ധയിൽ കൊണ്ടുവരുന്നതാണെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

## 2-4 പുതുക്കിയ ചട്ടങ്ങൾ പാലിച്ചുകൊണ്ട് ഡി & ഒ ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്

ഡി&ഒ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവയുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

1. പുതുക്കിയ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

31.10.2017 ലെ ജി.ഒ (പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം 2017 പ്രകാരം അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്നത് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിക്കു മുമ്പ്, ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഫീസ് ഈടാക്കേണ്ടതാണ്. പുതുക്കിയ ചട്ടങ്ങൾ പ്രകാരം ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്ത് ഇതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് ഓഡിറ്റ് അന്വേഷണ

(6/16.03.2019)ത്തിനുള്ള മറുപടിയിൽ വ്യക്തമാണ്.

ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2.സ.ഉ (സാധാ) നം.2511/2017/തസ്വഭവ തിയതി 22-7-2017 പ്രകാരം നിലവിലുള്ളതും പുതുതായി ഡി & ഒ ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടർവത്കരിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതും കൃത്യമായ പരിശോധന നടത്തി ഫലം പ്രസിദ്ധപ്പെടുത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പ്രകാരം സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, കച്ചവടസ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും, നടപ്പുവർഷമായ 2018-19 മുതൽ അപ്രകാരം കമ്പ്യൂട്ടർവത്കരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അധികൃതർ അറിയിച്ചിട്ടുണ്ട്.

3.<u>പഞ്ചായത്ത് പരിധിയിലെ റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു-തുടർനടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്</u>

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തന ങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻകടകൾക്ക് ഡി&ഒ ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് പരിധിയിലെ റേഷൻ കടകൾക്ക് ഡി & ഒ ലൈസൻസ് എടുത്തിട്ടില്ലെന്ന് ഡി & ഒ ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ ബോധ്യപ്പെട്ടു.

ടി സ്ഥാപനങ്ങൾ ഡി &ഒ ലൈസൻസ് നേടിയതിനു ശേഷം പ്രവർത്തനം തുടരാനുള്ള സത്വര നടപടികൾ പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.

## **2-5** <u>ബജറ്റ് നടപടിക്രമങ്ങളുടെ പാലനം സംബന്ധിച്ച്</u>

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പു പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന

ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. വകുപ്പ് 214 ഉപവകുപ്പ് 1 (എ)(1) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്.

ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തതായി കാണുന്നില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതായി കാണുന്നില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 23.03.2017 ൽ കൂടിയ യോഗത്തിൽ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

കേരളത്തിലെ പഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വലിലെ (സ.ഉ (സാധാ) നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം) മാർഗ്ഗനിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ പൂർണ്ണമായും പാലിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

മേൽ ഓഡിറ്റ് അന്വേഷണത്തിന് ( 16/23.03.2019 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം-3

# ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സദ്ഭരണം - പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ പുരോഗതി

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ജി.ഒ. (എം.എസ്) നം. 72/2017 ത.സ്വ.ഭ.വ.തിയതി, 29.3.2017 പ്രകാരം സുതാര്യത, ജനപങ്കാളിത്തം തുടങ്ങിയ സദ്ഭരണ തത്വങ്ങൾ ഉൾകൊണ്ട് കൊണ്ട് പൗരാവകാശ രേഖ, സേവനാവകാശ നിയമം, അറിയാനുള്ള അവകാശം എന്നിവ പരിഗണിച്ചു കൊണ്ട് ഒരു സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. രേഖകളുടെ സൂക്ഷിപ്പ്, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, ഇ ഗവേണൻസ് എന്നിവ ഇതിന്റെ

ഭാഗമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളിലെ പൗരന്മാർക്ക് അർഹിക്കുന്ന സേവനത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കേണ്ടതാണെന്ന് സ.ഉ (എം.എസ്) നം. 18/15/ത.സ്വ.ഭ.വ /29.01.2015 പ്രകാരം പുറപ്പെടുവിച്ച പരിഷ്കരിച്ച മാർഗ്ഗരേഖയിലും നിർദ്ദേശിച്ചിട്ടുണ്ട്. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം താഴെ പറയുന്ന പദ്ധതികൾക്ക് തുക വകയിരുത്തിയെങ്കിലും പദ്ധതികൾ നടപ്പിലായിട്ടില്ല.

| ക്രമ നം | പ്രൊജക്ട് നം | പദ്ധതി | വകയിരുത്തിയ തുക |
|---|---|---|---|
| 1 | 9 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ | 200000 |
| 2 | 81 | പഞ്ചായത്ത് ഓഫീസ് നെറ്റ് കമ്പ്യൂട്ടർ നെറ്റ് വർക്കിങ്ങ് | 100000 |
| 3 | 131 | റെക്കോർഡ് റൂം തയ്യാറാക്കൽ | 135000 |
| 4 | 134 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും | 65000 |
| 5 | 84 | പഞ്ചായത്ത് ഓഫീസ് നവീകരണം | 800000 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/19.03.19) പഞ്ചായത്ത് താഴെ പറയും പ്രകാരമാണ് മറുപടി സമർപ്പിച്ചിട്ടുള്ളത്.

പഞ്ചായത്ത് ഓഫീസിൽ മുഴുവൻ ജീവനക്കാർക്കും ഇരിപ്പിട സൗകര്യം, റെക്കോർഡ് റൂം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ പ്രൊജക്ടുകൾ നടപ്പിലാക്കിയ ശേഷമേ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പ്രവർത്തികൾ നടത്തുവാൻ കഴിയുകയുള്ളൂ എന്നതിനാലാണ് 2017-18 വർഷം പ്രസ്തുത പ്രൊജക്ട് നടപ്പിലാക്കാൻ കഴിയാതെ പോയത്. 2018-19 വർഷത്തിൽ ഓഫീസ് നവീകരണം, റെക്കോർഡ് റൂം നിർമ്മാണം, പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർ നെറ്റ് വർക്കിങ്ങ് എന്നിവ പൂർത്തീകരിച്ചതിനാൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നാണ്.

<u>ഓഡിറ്റ് നിർദ്ദേശം</u>

പൗരാവകാശ രേഖ നിയമാനുസൃതം പുതുക്കി പ്രസിദ്ധീകരിക്കേണ്ടതാണ്. ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ, സേവനങ്ങൾ എന്നിവ ധനകാര്യ സ്റ്റാൻഡിങ്ങ്

കമ്മിറ്റി,ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ്(രേഖകളുടെ സൂക്ഷിപ്പ്, ജനസേവനം കാര്യക്ഷമമാക്കൽ) എന്നിവർ മോണിറ്റർ ചെയ്യേണ്ടതാണ്. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കത്തക്ക വിധം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേതടക്കം രേഖകളുടെ സൂക്ഷിപ്പ്, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, ഇ-ഗവേർണൻസ്, ആസ്തി സംരക്ഷണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി, വികസനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി എന്നിവർ ശ്രദ്ധിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ് അർഹമായ തുക അനുവദിക്കണം

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ "പാലിന് സബ്സിഡി(178/18)” പദ്ധതി പ്രകാരം പദ്ധതി ഫണ്ട് വിഹിതം 468000/-, ജില്ലാപഞ്ചായത്ത് വിഹിതം 50000/- രൂപ ഉൾപ്പെടെ ആകെ 518000/- രൂപ വിനിയോഗിച്ചിട്ടുണ്ട്. ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിലാണ് സബ്സിഡി അനുവദിച്ചിരിക്കുന്നത്.

താഴെ പറയുന്ന 4 ക്ഷീരോൽപ്പാദക സംഘങ്ങൾക്കാണ് തുക വിതരണം ചെയ്തിരിക്കുന്നത്.

| | |
|---|---|
| മലേരിയം | 73328/- |
| ആര്യമ്പാവ് | 103675/- |
| കച്ചേരി പറമ്പ് | 59948/- |
| കണ്ടമംഗലം | 281049/- |

2017 ഏപ്രിൽ മുതൽ 2017 ഡിസംബർ വരെ മുഴുവനായും ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഭാഗികമായും നൽകി. മാർച്ച് മാസത്തെ സബ്സിഡി നൽകിയിട്ടില്ല.

പദ്ധതി പ്രകാരമുള്ള സബ്സിഡി ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകാതെ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾക്ക് നൽകിയതിനു ശേഷം ബന്ധപ്പെട്ട

ഗുണഭോക്താക്കൾക്ക് അവരുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസഫർ ക്രെഡിറ്റ് ചെയ്യുകയാണ് ചെയ്തിരിക്കുന്നത്. സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തുക ട്രഷറിയിൽ നിന്നു ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുകയാണ് ചെയ്യേണ്ടത്. ഗുണഭോക്താക്കൾക്ക് തുക ലഭ്യമായത് ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതി ഉറപ്പുവരുത്തേണ്ടതാണ്.

13-ാം പദ്ധതി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എം.എസ്) നം.80/2017 തസ്വഭവ, തീയതി. 03.04.2017പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി 4രൂപ നിരക്കിൽ ഒരു കർഷകന് നൽകാവുന്നതാണ്.

ഭാവിയിൽ പ്രൊജക്ട് രൂപീകരണ വേളയിൽ ബന്ധപ്പെട്ട മേഖലയിലെ ഗുണഭോക്താക്കളുടെ ആവശ്യകതക്കനുസരിച്ച് തുക വകയിരുത്തി അർഹമായ ധനസഹായം നൽകുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഫണ്ട് ട്രാൻസ്ഫർ സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 തെരുവ് വിളക്കുകളുടെ കണക്ക് - കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തി കൃത്യമാക്കേണ്ടതാണ്

പഞ്ചായത്തിൽ തെരുവ് വിളക്കുകൾക്ക് മീറ്ററിങ്ങ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടില്ല. കെ.എസ്.ഇ.ബി, അലനല്ലൂർ സെക്ഷൻ 18.03.19ന് ലഭ്യമാക്കിയ റിവൈസ്ഡ് താരിഫ് പ്രകാരം പഞ്ചായത്ത് അടവാക്കുന്ന പ്രതിമാസ വൈദ്യുതി ചാർജ്ജ് 32857/- ആണ്. ആയതിന് അടിസ്ഥാനമായ വിളക്കുകളുടെ തരം തിരിവ് താഴെ ചേർക്കുന്നു.

| ക്രമ നം | വിളക്കുകളുടെ തരം | വാട്ട് | ആകെ എണ്ണം |
|---|---|---|---|
| 1 | സി.എഫ്.എൽ | 22 | 300 |
| 2 | സി.എഫ്.എൽ | 30 | 198 |
| 3 | സിംഗിൾ ട്യൂബ് | 40 | 10 |

| | | | |
|---|---|---|---|
| 4 | ഡബിൾ ട്യൂബ് | 2x40 | 14 |
| 5 | ഓർഡിനറി ബൾബ് | 60 | 52 |
| 6 | സോഡിയം വേപ്പർ | 250 | 15 |
| ആകെ എണ്ണം | | | 589 |

കെ.എസ്.ഇ.ബിയുമായി ചേർന്ന് തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തുന്നതിന് പഞ്ചായത്ത് അപേക്ഷിച്ചിട്ടുണ്ടെങ്കിലും നാളിതു വരെ പരിശോധന നടത്തിയിട്ടില്ല.

അറ്റകുറ്റപ്പണികൾ – അപാകതകൾ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ 2017-18 വർഷത്തെ തെരുവ് വിളക്ക് അറ്റകുറ്റപണിക്ക് തുക അനുവദിച്ചിട്ടുള്ളത് വിളക്കുകളുടെ എണ്ണത്തിൽ കൃത്യത ഇല്ലാതെയാണ്.വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നം - 78/18

തെരുവ് വിളക്ക് അറ്റകുറ്റപണി

അടങ്കൽ - 500000

ചെലവ് - 94738 (വൗച്ചർ നം - 21700355/18.08.17)

- 94738 (വൗച്ചർ നം - 21700844/9.02.18)

തെരുവ് വിളക്ക് അറ്റകുറ്റപണിക്ക് 27.06.16 ന് ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ മുജീബ്, പെരിമ്പടാരി, കോട്ടപ്പുറം എന്ന വ്യക്തിയുടെ താഴെ പറയും പ്രകാരമുള്ള കുറഞ്ഞ നിരക്കാണ് പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ (നം - 8(4)/26.09.16) അംഗീകരിച്ചിട്ടുള്ളത്.

2x11 watt – 650

2x36 watt – 950

മേൽ പ്രകാരം 2x11 watt വിളക്കുകൾക്ക് ക്വാട്ട് ചെയ്ത 650/-രൂപയാണ് എല്ലാതരം വിളക്കുകളുടെയും റിപ്പയറിന് അനുവദിച്ചു കാണുന്നത്. 27.06.16 ന് ക്ഷണിച്ച ടെണ്ടർ

പരസ്യത്തിൽ വിളക്കുകളുടെ തരം അനുസരിച്ച് നിരക്കുകൾ സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടിട്ടില്ല.

ഫയൽ പരിശോധിച്ചതിൽ നിന്ന് 1.12.16 ന് 363 വിളക്കുകളും, 16.2.17ന് 220 വിളക്കുകളുമാണ് റിപ്പയർ ചെയ്തിട്ടുള്ളത്. വിളക്കുകളുടെ 50% റിപ്പയർ തുക 2016-17 ലും, ബാക്കി 50% 2017-18 ലുമാണ് അനുവദിച്ചിട്ടുള്ളത്. 583 വിളക്കുകളുടെ തരം അടിസ്ഥാനപ്പെടുത്താതെ 2x11 watt CFL ന്റെ നിരക്ക് 583 വിളക്കുകൾക്കും അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം -14/22.03.19) നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറി താഴെ പറയും പ്രകാരമാണ് മറുപടി സമർപ്പിച്ചിട്ടുള്ളത്.

"പഞ്ചായത്തിൽ നിലവിലുള്ള എല്ലാ തെരുവ് വിളക്കുകളും എ.എം.സി പ്രകാരം വർഷത്തിൽ നാല് തവണ അറ്റകുറ്റപണികൾ നടത്തി പ്രകാശിപ്പിക്കുന്നതിനാണ് കരാറിലേർപ്പെടുന്നത്. പഞ്ചായത്തിൽ പലപ്പോഴായി സ്ഥാപിച്ച മുഴുവൻ തെരുവ് വിളക്കുകളും കെ.എസ്.ഇ.ബി രേഖകളിൽ വന്നിട്ടില്ല. കരാറുകാരന് ജനങ്ങളുടെ സമ്മർദ്ദം കാരണം കെ.എസ്.ഇ.ബി അംഗീകൃതമല്ലാത്തതുൾപ്പെടെ എല്ലാ വിളക്കുകളും റിപ്പയർ ചെയ്യേണ്ട സാഹചര്യമാണ് നിലവിലുണ്ടായിരുന്നത്. സംയുക്ത പരിശോധന നടത്തുന്നതിന് കെ.എസ്.ഇ.ബി യോട് പല പ്രാവശ്യം ആവശ്യപ്പെട്ടതനുസരിച്ച് 2019/ഏപ്രിലിനു മുൻപായി നടത്താമെന്നേറ്റിട്ടുള്ളതാണ്. വർഷങ്ങൾക്കു മുൻപ് സ്ഥാപിച്ച തെരുവ് വിളക്കുകളുടെ അടിസ്ഥാനത്തിലാണ് കെ.എസ്.ഇ.ബി യിൽ ഇപ്പോഴും വൈദ്യുതി ചാർജ്ജ് അടച്ചു വരുന്നത്. പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 31.03.10 മുതൽ 1.03.16 വരെയുള്ള കാലയളവുകളിൽ പദ്ധതിയിലുൾപ്പെടുത്തി സ്ഥാപിച്ച 1777 എണ്ണം 2x11 CFL, 100 എണ്ണം 2x36CFL, 2017-18ൽ സ്ഥാപിച്ച 330എണ്ണം LED(25watt) വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കെ.എസ്.ഇ.ബി ഇപ്പോഴും ഈടാക്കുന്നില്ല.

സംയുക്ത പരിശോധന പൂർത്തിയാവുന്നതോടു കൂടി മാത്രമേ കെ.എസ്.ഇ.ബി ഇവയുടെ വൈദ്യുതി ചാർജ്ജ് ഈടാക്കുവാൻ തുടങ്ങുകയുള്ളൂ.ആയതു കൊണ്ട് നിലവിൽ തെരുവ് വിളക്കുകളുടെ കൃത്യമായ കണക്ക് ലഭ്യമല്ല. കെ.എസ്.ഇ.ബിയുടെ കണക്കിൽ പറയുന്ന ഓർഡിനറി ബൾബുകൾ, ഡബ്ബിൾ ട്യൂബ്, സിംഗിൾ ട്യൂബ് തുടങ്ങിയവ ഇപ്പോൾ നിലവിലില്ല. കെ.എസ്.ഇ.ബിയുടെ കണക്ക് പ്രകാരം ആകെയുള്ള589 തെരുവ് വിളക്കുകളും കുറഞ്ഞ നിരക്കായ 2x11 CFL ആയി കണക്കാക്കി എ.എം.സി അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. അറ്റകുറ്റപണികൾക്ക് അധിക തുക അനുവദിച്ചിട്ടില്ല. 2019/ ഏപ്രിലിൽ തന്നെ സംയുക്ത പരിശോധന നടത്തി കെ.എസ്.ഇ.ബിയുടെയും, പഞ്ചായത്തിന്റെയും കണക്കുകൾ ഏകീകൃതമാക്കി ക്രമവൽക്കരിക്കുന്നതാണ്."

മറുപടിയിൽ പരാമർശിച്ച പ്രകാരം സംയുക്ത പരിശോധന അടിയന്തിരമായി നടത്തി തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതും, ഒടുക്കുന്ന വൈദ്യുതി ചാർജ്ജ്, വിളക്കുകളുടെ അറ്റകുറ്റപണികൾക്കായി ചെലവഴിക്കുന്ന തുക എന്നിവയുടെ കൃത്യത ഉറപ്പാക്കേണ്ടതുമാണ്. തെരുവ് വിളക്കുകളുടെ പരിപാലനം സർക്കുലർ നം. 3055/ഡി.എ3/2011/തസ്വഭവ തീയതി 19.5.2011ലെ നിർദ്ദേശങ്ങൾക്കനുസൃതമായി നിർവ്വഹിക്കേണ്ടതും, തെരുവ് വിളക്കുകൾക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-4 തെരുവ് വിളക്ക് - രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം- ജി2-44274/2015 /17.08.2015 - തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ, പരാതി രജിസ്റ്റർ, തെരുവ് വിളക്ക് മെയ്ന്റനൻസ് രജിസ്റ്റർ, സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. നിലവിൽ എല്ലാ സ്റ്റോക്കുകൾക്കും കൂടെ ഒരു രജിസ്റ്ററാണ് സൂക്ഷിച്ചിട്ടുള്ളത്. സ.ഉ (സാധാ) നം 2238/2016/ത.സ്വ.ഭ.വ തീയതി 25.07.16 പ്രകാരം സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ performance guarantee യുടെ വിശദാംശങ്ങളും രേഖപ്പെടുത്തേണ്ടതാണ്. കേടായ സാമഗ്രികൾ അതാത് ദിവസം തന്നെ പഞ്ചായത്തിൽ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസിൽ ചേർക്കേണ്ടതും, സാമ്പത്തിക വർഷാവസാനം സ്റ്റോക്ക് ഇൻ രജിസ്റ്ററും, സ്റ്റോക്ക് ഔട്ട് രജിസ്റ്ററും പൊരുത്തപ്പെടുത്തേണ്ടതുമാണ്.

# 3-5 16-ാം വാർഡിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ - ടെണ്ടർ നിബന്ധനകൾ പാലിച്ചില്ല - 69650/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് നം - SO 8/17-18 – 16-ാം വാർഡിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ

അടങ്കൽ - 100000 (വികസന ഫണ്ട്)

ചെലവ് - 91540 (ബിൽ നം - 18/13.03.18)

നിർവ്വഹണം - സെക്രട്ടറി

മേൽ പ്രൊജക്റ്റ് പ്രകാരം 16 - ാം വാർഡിൽ കേടായ വിളക്കുകൾ മാറ്റി പകരം 2x11 വാട്ട് സി.എഫ്.എൽ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൻ പ്രകാരം 24.08.17 ന് ക്ഷണിച്ച ടെണ്ടറിലും 2x11 വാട്ട് സി.എഫ്.എൽ ആണ് സ്പെസിഫൈ ചെയ്തിട്ടുള്ളത്. എന്നാൽ ലഭ്യമായ 4 ടെണ്ടറുകളിൽ നിന്ന് 2x36 വാട്ട് സി.എഫ്.എൽ ഏറ്റവും കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്ത (1990/-രൂപ) അലുമിന ഇലക്ട്രോണിക്സ്, കക്കാടംപൊയിൽ, മലപ്പുറത്തിന്റെ ടെണ്ടറാണ് സ്വീകരിച്ചിട്ടുള്ളത്. ടെണ്ടർ സ്പെസിഫിക്കേഷൻ അനുസരിച്ച് 2x11 വാട്ട് സി.എഫ്.എൽ ഏറ്റവും കുറഞ്ഞ നിരക്കിൽ (1350/- രൂപ) ക്വാട്ട് ചെയ്ത എഡിസൺ ഇലക്ട്രോണിക്സ്, തിരുവനന്തപുരത്തിന്റെ ടെണ്ടർ സ്വീകരിച്ചിട്ടില്ല.

പ്രൊജക്റ്റ്, ടെണ്ടർ പരസ്യത്തിലെ സ്പെസിഫിക്കേഷൻ എന്നിവക്ക് വിരുദ്ധമായി പർച്ചേസ് നടത്തിയതിന് പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രത്യേക തീരുമാനങ്ങളൊന്നും തന്നെ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് ഭരണസമിതി തീരുമാനം നം - 5(1)/26.09.17 പ്രകാരം പ്രൊക്യൂർമെന്റ് കമ്മിറ്റി ശുപാർശയോടു കൂടി 2x36 വാട്ട് സി.എഫ്. എല്ലുകൾക്ക് കുറഞ്ഞ ടെണ്ടർ സമർപ്പിച്ച അലുമിന ഇലക്ട്രോണിക്സിന്റെ ടെണ്ടർ സ്വീകരിച്ച് സാമ്പിൾ പരിശോധിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ സാമ്പിൾ പരിശോധിച്ചതായി കാണുന്നില്ല.

സ്ഥാപനത്തിന് 26.10.17 ന് 46 എണ്ണം 2x36 വാട്ട് സി.എഫ്. വിളക്കുകളുടെ സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. അലുമിന ഇലക്ട്രോണിക്സിന്റെ ഇൻവോയ്സ് നം - 6/31.01.18 പ്രകാരം 2x36 വാട്ട് സി.എഫ്. എൽ 46 എണ്ണം പർച്ചേസ് ചെയ്തിട്ടുണ്ട്. കേടായ വിളക്കുകൾ മാറ്റിയത് സ്റ്റോക്കിലെടുത്തതിന് ആധാരമായ രേഖകൾ ലഭ്യമല്ല.

5.03.19 ന് നിർവ്വഹണോദ്യോഗസ്ഥൻ അലുമിന ഇലക്ട്രോണിക്സിന് അയച്ച കത്തിൽ സ്ഥാപിച്ച വിളക്കുകളിൽ 35 എണ്ണവും പ്രവർത്തനരഹിതമാണെന്ന് പറയുന്നു. വിളക്കുകൾക്ക് 16 മാസത്തെ വാറന്റി സ്ഥാപനം ഉറപ്പാക്കിയിട്ടുണ്ടെങ്കിലും അവയുടെ തുടർ സംരക്ഷണം സംബന്ധിച്ച് പ്രസ്തുത സ്ഥാപനവുമായി പഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടില്ല. ടെണ്ടർ സ്പെസിഫിക്കേഷന് വിരുദ്ധമായി പർച്ചേസ് നടത്തിയ സാഹചര്യം, വിളക്കുകൾ നിലവിൽ പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 10/19.03.19) നിർവ്വഹണോദ്യോഗസ്ഥൻ സമർപ്പിച്ച മറുപടി താഴെ ചേർക്കുന്നു.

“2016-17 വർഷം തയ്യാറാക്കിയ മേൽ പ്രൊജക്റ്റ് 2017-18 ൽ സ്പിൽ ഓവറായി

നടപ്പാക്കിയപ്പോൾ പ്രൊജക്ടിൽ തെരുവ് വിളക്കിന്റെ തരം രേഖപ്പെടുത്താത്തതിനാൽ 2x11 വാട്ട് വിളക്കുകൾക്കാണ് ടെണ്ടർ ക്ഷണിച്ചത്. കോട്ടോപ്പാടം ടൗണിലെ പ്രധാന സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 2x11 വാട്ട് വിളക്കുകൾക്ക് പ്രകാശം കുറവായതിനാൽ 2x36 വാട്ട് വിളക്കുകൾ സ്ഥാപിക്കണമെന്ന വാർഡ് മെമ്പറുടെ അപേക്ഷ പരിഗണിച്ച് ടെണ്ടറിന് ഹാജരായ എല്ലാ സ്ഥാപനങ്ങളോടും 2x11 വാട്ടിനോടൊപ്പം 2x36 വാട്ടിന്റെ വില കൂടി ക്വാട്ട് ചെയ്യാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടെണ്ടറിൽ പങ്കെടുത്ത ആറ് സ്ഥാപനങ്ങളും രണ്ടിനം ലൈറ്റുകളുടെയും വില ക്വാട്ട് ചെയ്താണ് ടെണ്ടർ സമർപ്പിച്ചിരുന്നത്. ഐ.എസ്.ഒ നിലവാരമുള്ള കമ്പനിയുടെ ഉൽപ്പന്നമായതു കൊണ്ട് സാങ്കേതിക പരിശോധനക്ക് വിധേയമാക്കിയില്ല." പ്രസ്തുത മറുപടിയിലെ പരാമർശങ്ങൾക്കാധാരമായി പ്രൊക്യൂർമെന്റ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവർ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല. പ്രവർത്തന രഹിതമായ 35തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്.

മേൽ മറുപടി പരിശോധിച്ചതിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച് ഓഡിറ്റിന്റെ വിലയിരുത്തൽ താഴെ ചേർക്കുന്നു.

പ്രൊക്യൂർമെന്റ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവരുടെ ശുപാർശ കൂടാതെ മെമ്പറുടെ അപേക്ഷ മാത്രം പരിഗണിച്ച് ടെണ്ടർ സ്പെസിഫിക്കേഷനു വിരുദ്ധമായി പർച്ചേസ് നടത്തിയതും, ടെണ്ടറിൽ രേഖപ്പെടുത്താതെ സ്പെസിഫിക്കേഷനുകളിൽ വ്യത്യാസം വരുത്തിയതും ക്രമപ്രകാരമല്ല. ടെണ്ടറിനു മുൻപ് യഥാർത്ഥ ആവശ്യകത വിലയിരുത്തിയില്ലെന്നതും ശ്രദ്ധേയമാണ്. സ്പെസിഫിക്കേഷനിൽ വ്യത്യാസം വരുത്തേണ്ടതുണ്ടെങ്കിൽ ആദ്യ ടെണ്ടർ ക്യാൻസൽ ചെയ്ത് റീടെണ്ടർ ചെയ്യേണ്ടതാണെന്ന സ്റ്റോർസ് പർച്ചേസ് മാന്വലിലെ മാനദണ്ഡം പാലിച്ചിട്ടില്ല.

സ്ഥാപനവുമായി കരാറിലേർപ്പെട്ട് 16 മാസത്തെ വാറന്റി ഉറപ്പാക്കി തുടർ സംരക്ഷണത്തിന് വ്യവസ്ഥ ചെയ്യാത്തതിനാൽ പ്രവർത്തന രഹിതമായ 35 വിളക്കുകളുടെ വിലയായ 69650/- രൂപ (35x1990) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിളക്കുകൾ പ്രവർത്തനക്ഷമമാക്കാത്ത പക്ഷം തുക നഷ്ടപരിഹാരമായി സ്ഥാപനത്തിൽ നിന്ന് ഈടാക്കേണ്ടതാണ്. കേടായ വിളക്കുകൾ മാറ്റിയത് സ്റ്റോക്കിലെടുക്കേണ്ടതുമാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ടെണ്ടർ നടപടിക്രമങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

# 3-6 പൊതുമരാമത്ത് പ്രവൃത്തികൾ ആസൂത്രണവും നിർവ്വഹണവും-പൊതുഅവലോകനം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് 51 സ്പിൽഓവർ ഉൾപ്പെടെ തൻവർഷം 166 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 107 എണ്ണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. വകയിരുത്തിയ 39437763/- രൂപയിൽ 18464654/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 46.81% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. തൻ വർഷം തനതുഫണ്ടിൽ നിന്ന് 16101465/- രൂപ പദ്ധതികൾക്കായി വകയിരുത്തിയെങ്കിലും 9398705/- രൂപയേ ചെലവഴിച്ചിട്ടുള്ളൂ.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 2017-18 ലേക്കായി ആകെ 4 പ്രാവശ്യം കൂടിയിട്ടുണ്ട്. 2017-18 വർഷത്തിലെ പദ്ധതി നിർദ്ദേശങ്ങൾ 21.2.17 ൽ ചർച്ച ചെയ്യുന്നുണ്ട്. എന്നാൽ പിന്നീട് കൂടുതൽ ചർച്ചകൾ നടത്തിയിട്ടില്ല. വികസന സ്റ്റാൻഡിംഗ് കമ്മിറ്റി പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന് കാര്യമായി നിർദ്ദേശങ്ങൾ നൽകികാണുന്നില്ല.

സ്പിൽ ഓവർ പ്രൊജക്റ്റുകളുടെ ബാഹുല്യവും ടെണ്ടർ നടപടികൾ വൈകിയതും ബിറ്റുമിൻ ലഭ്യമാക്കിയതിലെ കാലതാമസവും പദ്ധതി നിർവ്വഹണം മന്ദഗതിയിലാകുവാനുള്ള കാരണമായി വിലയിരുത്തുന്നു. വ്യക്തമായ സ്ഥിതി വിവര കണക്കുകളും റോഡ് കണക്റ്റിവിറ്റി മാപ്പ്, ആസ്തി സംരക്ഷണ പദ്ധതി എന്നിവ അടിസ്ഥാനമാക്കി യഥാർത്ഥ ആവശ്യകതയും നിർവ്വഹണം നടക്കാൻ സാദ്ധ്യതയുള്ളവയും മുൻഗണന നൽകി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതിനിർവ്വഹണ പുരോഗതി വിലയിരുത്തിക്കാണുന്നുണ്ടെങ്കിലും മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനുള്ള ക്രിയാത്മക ചർച്ചകൾ നടത്തിയതിന്റെയോ നിർദ്ദേശങ്ങളുടേയോ വിലയിരുത്തലുകളുടേയോ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിച്ചതായും കാണുന്നില്ല. സ്പിൽ ഓവർ പ്രൊജക്റ്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർ വർഷങ്ങളിലെ മരാമത്ത് പ്രവർത്തികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ്

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ആവശ്യമായ എല്ലാ രേഖകളും സൂക്ഷിക്കുന്നുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള പ്രധാന നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

- പ്രവൃത്തികളിൽ കരാറുകാർ വെയ്ക്കുന്ന Security Deposit FD Receipts രജിസ്റ്ററിൽ രേഖപ്പെടുത്തി safe custody യിൽ സൂക്ഷിക്കാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു.
- പുതുക്കിയ മരാമത്തു മാന്വലിനനുസൃതമായ വ്യവസ്ഥകൾ എഗ്രിമെന്റുകളിൽ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.
- ടെണ്ടർ അംഗീകരിച്ച തീരുമാനം ടെണ്ടർ രജിസ്റ്ററിൽ ചേർക്കുന്നില്ല. ടെണ്ടർ അംഗീകരിച്ചോ നിരസിച്ചോ എന്ന വിവരവും ടെണ്ടർ അംഗീകരിച്ച കരാറുകാരന്റെ പേരു വിവരവും ടെണ്ടർ രജിസ്റ്ററിൽ ചേർക്കുന്നില്ല.
- പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണ്. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് ഫണ്ട് വാർഡ് തലത്തിൽ വിഭജിക്കുന്നതിനും പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിനും ഇടയാക്കുന്നു.
- ആസ്തി സംരക്ഷണ പദ്ധതി /വാർഷിക മെയിന്റനൻസ് പ്ലാൻ തൻ വർഷം (2017-18) തയ്യാറാക്കിയിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ റോഡ് റോഡിതര ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകി പ്രൊജക്റ്റ് തയ്യാറാക്കി നിർവ്വഹിക്കേണ്ടതാണ്.
- പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ നാളിതു വരെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.
തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-7 സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല

2017-18 ൽ സ്പിൽ ഓവർ ആയി അംഗീകാരം ലഭ്യമായിട്ടുള്ളതുമായ പ്രവൃത്തികളിൽ താഴെ പറയുന്നവ 2017-18 ലും പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പ്രൊജക്റ്റ് | അടങ്കൽ |
|---|---|---|

| | | |
|---|---|---|
| 1. | 22/18- തെയ്യോട്ടച്ചിറ അങ്കണവാടി റോഡ് | 189212 |
| 2. | 35/18-പെരിങ്കളം റോഡ് | 100000 |
| 3. | 39/18- വേങ്ങ Scകോളനി കുടിവെള്ളപദ്ധതി | 1000000 |
| 4. | 42/18- അങ്കണവാടികൾക്ക് കുടിവെള്ളം | 700000 |
| 5. | 45/18-വയോജനങ്ങൾക്ക് പകൽവീട് | 890000 |
| 6. | 60/18- കച്ചേരി പറമ്പ്സബ്സെന്റർ റിപ്പയറും അനുബന്ധ പ്രവൃത്തികൾ | 189946 |

സ്പിൽ ഓവർ പ്രവൃത്തികൾ അവ സ്പിൽ ഓവർ ആയ വർഷം പൂർത്തീകരിക്കാതിരുന്നത് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്ക വിരുദ്ധമാണ്. 13-ാം പദ്ധതി മാർഗ്ഗനിർദ്ദേശമനുസരിച്ച് ഒരു പ്രവൃത്തി സ്പിൽ ഓവർ ആയാൽ അത് സ്പിൽ ഓവർ ആയ വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണ്. ഈ നിർദ്ദേശം പൂർണ്ണമായി പാലിക്കപ്പെട്ടിട്ടില്ല. ഈ പ്രൊജക്റ്റ്കളുടെ നിലവിലെ സ്ഥിതി, ഈ പ്രൊജക്റ്റുകൾ 2018-19 വർഷത്തിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടോ, ഇവ ഉപേക്ഷിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ കാരണം എന്നീ വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/26.03.2019) നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മറുപടി പ്രകാരം ക്രമ നം. 1,2,3 എന്നിവ 2018-19 ൽ പൂർത്തീകരിച്ചിട്ടുണ്ട്. ക്രമ നം. 4, 2017-18 ൽ പലതവണ ടെണ്ടർ നടത്തിയിട്ടും ആരും ടെണ്ടർ സമർപ്പിക്കാതിരുന്നതിനാൽ 2018-19 ലാണ് നടപ്പിലാക്കിയത് എന്നും ക്രമനം.6 തുക അപര്യാപ്തമായതിനാൽ പദ്ധതി ഉപേക്ഷിച്ച് പുതിയ പദ്ധതി വെച്ചു എന്നും വയോജനങ്ങൾക്ക് പകൽവീട് എന്ന പദ്ധതി സ്ഥലലഭ്യത ഇല്ലാത്തതിനാൽ ഉപേക്ഷിച്ചു എന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

- പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കുന്നതിനു മുൻപായി ഭരണ സാങ്കേതികാനുമതികൾക്കൊപ്പം ഫണ്ട് ലഭ്യത, തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.

- പ്രൊജക്ടുകളുടെ പ്രവർത്തന കലണ്ടർ അനുസരിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- മറ്റു വകുപ്പുകളിൽ നിന്നും അനുമതി, NOC, ഫീസിബിലിറ്റി മുതലായവ ലഭ്യമാക്കേണ്ട പ്രവൃത്തികളിൽ പ്രൊജക്റ്റ് രൂപീകരിച്ച് സാങ്കേതികാനുമതി ലഭ്യമാക്കുന്നതോടൊപ്പം തന്നെ ആയവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
- നിർവ്വഹണം നടക്കുമെന്നുറപ്പുള്ള പദ്ധതികൾ മുൻഗണനാക്രമത്തിൽ ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാൻഡിംങ് കമ്മിറ്റി, പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങൾ അവലോകനം നടത്തേണ്ടതും പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ്, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും പ്രവൃത്തി പൂർത്തീകരണത്തെ ബാധിക്കുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് ഫലപ്രദമായി ഇടപെടേണ്ടതുമാണ്.

## 3-8 ഇ ടെണ്ടർ (റീടെണ്ടർ) നടപടികളിലെ അപാകതകൾ

2017-18 വർഷത്തെ 75 മരാമത്ത് പ്രവൃത്തികൾ 16/8/2017 ൽ ടെണ്ടർ ചെയ്തത് കരാറുകാർ ബഹിഷ്കരിച്ചതിനെത്തുടർന്ന് 23.8.17 ലെ 5-ാം നമ്പർ തീരുമാന പ്രകാരം 18.9.17 ന് റീടെണ്ടർ നടത്തുന്നതിന് തീരുമാനിച്ചിരുന്നു. ഇതുപ്രകാരം റീടെണ്ടർ നടത്തിയ ടെണ്ടറുകളുടെ കംപാരറ്റിവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഓരോ പ്രവൃത്തിയുടേയും രണ്ടു വീതം ടെണ്ടറുകൾ ലഭിച്ചതിൽ ഏറ്റവും കുറവു ക്വോട്ടു ചെയ്ത കരാറുകാരുടെ ടെണ്ടർ അംഗീകരിക്കുന്നതിന് ശുപാർശ ചെയ്ത് അസി.എഞ്ചിനീയർ 22.9.17 ന് സെക്രട്ടറിക്ക് കത്തു നൽകിയിരുന്നു. 26.9.17 ലെ 5-ാം നമ്പർ തീരുമാനപ്രകാരം 18.9.17 ന് നടത്തിയ റീടെണ്ടർ കൂടുതൽ പേർ അറിയാത്ത സാഹചര്യത്തിലാണ് ഓരോന്നിലും രണ്ടു വീതം ടെണ്ടറുകൾ മാത്രം ലഭിച്ചതെന്നും ഇ ടെണ്ടർ നടത്തുകയാണെങ്കിൽ മൽസര സ്വഭാവമുള്ള ടെണ്ടറുകൾ ലഭിക്കാൻ സാധ്യതയുണ്ടെന്നും മെമ്പർമാർ അഭിപ്രായപ്പെട്ടതിനാൽ റീടെണ്ടർ അംഗീകരിക്കേണ്ടതില്ലെന്നും എല്ലാ പ്രവൃത്തികളും ഇ ടെണ്ടർ മുഖേന റീടെണ്ടർ ചെയ്യുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തി. എന്നാൽ മേൽ ടെണ്ടർ നടപടികളിലും ഇതുപ്രകാരം 30.10.17 നു നടത്തിയ ഇ ടെണ്ടർ (റീടെണ്ടർ) നടപടികളിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

- 26.9.17 ലെ 5-ാം നമ്പർ തീരുമാന പ്രകാരം 18.9.17 ന് നടത്തിയ ടെണ്ടർ ക്യാൻസൽ ചെയ്യുന്നതിനു മുൻപ് നിർവ്വഹണോദ്യോഗസ്ഥന്റെ അഭിപ്രായം ആവശ്യപ്പെട്ടിട്ടില്ല.

- ടെണ്ടർ ക്യാൻസൽ ചെയ്യുന്നതിനു കാരണമായി പറഞ്ഞിട്ടുള്ളത് റീടെണ്ടർ കൂടുതൽ പേർ അറിഞ്ഞിട്ടില്ലാത്തതിനാലാണ് ഓരോന്നിലും രണ്ടു വീതം ടെണ്ടറുകൾ മാത്രം ലഭിച്ചത് എന്നാണ്. എന്നാൽ 21 കരാറുകാർ ടെണ്ടറിൽ പങ്കെടുത്തിട്ടുണ്ട് . മാത്രമല്ല മുൻവർഷങ്ങളിൽ രണ്ടു വീതം ടെണ്ടറുകൾ മാത്രം ലഭിച്ച ടെണ്ടറുകൾ അംഗീകരിച്ചിട്ടുണ്ട്. ആയതിനാൽ ടെണ്ടർ ക്യാൻസൽ ചെയ്യുന്നതിനു സൂചിപ്പിച്ചിട്ടുള്ള കാരണം അംഗീകരിക്കത്തക്കതല്ല.

- എന്നാൽ ഇ ടെണ്ടർ (റീടെണ്ടർ) നടത്തിയപ്പോൾ മേൽ പ്രവൃത്തികൾക്ക് ലഭിച്ചത് Single Tenders (നാമമാത്രമായി എസ്റ്റിമേറ്റിനേക്കാൾ കുറവു നിരക്കിലുള്ളത് - ഉദാ- 0.01,0.02,0.004,0.02 etc. ശതമാനം കുറവ്) മാത്രമാണ്. എന്നാൽ നടപടിക്രമങ്ങൾ പാലിക്കാതെ Single Tenders 07.11.17 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചത് ക്രമപ്രകാരമല്ല.

- 18.9.17 ന് നടത്തിയ ടെണ്ടർ ക്യാൻസൽ ചെയ്ത് ഇ ടെണ്ടർ (റീടെണ്ടർ) നടത്തിയപ്പോൾ പ്രയോജനം ലഭിച്ചില്ല എന്നു മാത്രമല്ല പദ്ധതി നിർവ്വഹണം വൈകാനുമിടയാക്കി. കൂടാതെ പ്രതീക്ഷിച്ച പ്രയോജനം ലഭിക്കാത്തതിനാൽ വീണ്ടും ടെണ്ടർ ചെയ്യുന്നതിന് ചെലവഴിച്ച 7560/- രൂപ പാഴ്ചെലവായി.

ഓഡിറ്റ് നിർദ്ദേശം

- പ്രൊജക്റ്റുകളുടെ പ്രവർത്തന കലണ്ടർ അനുസരിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്.

- നിലവിലുള്ള നിയമങ്ങൾക്കനുസരിച്ച് നിർവ്വഹണോദ്യോഗസ്ഥന്റെ അഭിപ്രായം കൂടി പരിഗണിച്ച് തീരുമാനങ്ങളെടുക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/26.03.2019) നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ ഭരണസമിതി തീരുമാന പ്രകാരമാണ് ടെണ്ടർ നടപടികൾ ചെയ്തത് എന്നാണ്.

## 3-9 കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ (പി) നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള

പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കാണുന്നു . കരാർ തുകയുടെ 1% പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിലടക്കേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തി / പി.എ.സി | ടെണ്ടർ അംഗീകരിച്ചത് | എഗ്രിമെന്റ് തീയതി, കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|
| 1. | GMLPS തിരുവിഴാംകുന്ന് റിപ്പയർ, 130/17, 610054/- | 25.1.17 | 28.02.17 ശ്രീ. അബ്ദുൾ ഹമീദ് | 6101/- |
| 2. | അരിയൂർ GMLPS റിപ്പയർ, 132/17, 347791/- | 25.1.17 | 02.03.17 ശ്രീ.ഫിർദൗസ് ബാബു | 3478/- |
| 3. | GUPS ഭീമനാട്, 100/18, 199919/- | 7.11.17 | 23.12.17 ശ്രീ.സെയ്തലവി | 1999/- |
| 4. | തൃക്കള്ളൂർ അമ്പലപ്പാറ റോഡ്, 36/17, 249266/- | 25.1.17 | 28.2.17 ശ്രീ.പി.അലവി | 2493/- |
| 5. | മലേരിയം ചൂണ്ടക്കുന്ന റോഡ്, 83/17,199748/- | 25.1.17 | 28.2.17 ശ്രീ. മുഹമ്മദ് അഷ്റഫ് | 1997/- |

| | | | | |
|---|---|---|---|---|
| 6. | മുറിയങ്കണ്ണി പാറച്ചോലപ്പറമ്പ റോഡ്, 92/17,299504/- | 25.1.17 | 28.2.17 ശ്രീ. അബ്ദുൾ റസാക്ക് | 2995/- |
| 7. | അമ്പാഴക്കോട് ചേവത്തൂർ കുളമ്പ റോഡ്, 15/18, 299991/- | 25.1.17 | 28.2.17 ശ്രീ.സെയ്തലവി | 3000/- |
| 8. | വളവൻചിറ കോളനി റോഡ്, 56/17,149508/- | 25.1.17 | 28.2.17 ശ്രീ.അബ്ദുൾ റഹിമാൻ | 1495/- |
| 9. | കോരോത്ത് കുളമ്പ് റോഡ്, 68/17, 299822/- | 25.1.17 | 28.2.17 ശ്രീ. അബ്ദുൾ റഹിമാൻ | 2998/- |
| 10. | കൊമ്പം മൗലാന ഇംഗ്ലീഷ് മീഡിയം റോഡ്, 63/17, 249021/- | 25.1.17 | 28.2.17 ശ്രീ. ഹംസ | 2490/- |
| 11. | എലമ്പിലാവിൽ കുളമ്പ് റോഡ്, 76/17,199822/- | 25.1.17 | 28.2.17 ശ്രീ. ഹംസ | 1998/- |
| 12. | കോട്ടോപ്പാടം PHC പുനരുദ്ധാരണം, 131/17,399424/- | 25.1.17 | 25.2.17 ശ്രീ. ജംഷാദ് | 3994/- |
| 13 | കച്ചേരി പറമ്പ് സബ് സെന്റർ കുടിവെള്ള പദ്ധതി, 232/18,300000/- | 5.12.17 | 2.2.18 ശ്രീ. മമ്മി | 3000/- |
| | ആകെ | | | 38038 |

ഈടാക്കുവാൻ വിട്ടുപോയ ആകെ പിഴ 38038/-രൂപ കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/26.03.2019) നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ കരാറുകാരിൽ നിന്നും പിഴ ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

# 3-10 ഇളംപിലാവിൽ റോഡ് ടാറിംഗ് (128/15-16) -അപാകതകൾ

അടങ്കൽ - 100000/-

ബിൽ നം.-96/24.2.18- 100000/-

അളവുപുസ്തകം- 333/17.18

കരാറുകാരൻ - എ.ഹംസ

എഗ്രിമെന്റ് നം. -18/01.09.2015

പ്രവൃത്തി സ്ഥലം കൈമാറിയത്- 01.09.2015

22.6.15 ന് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ള മേൽ പ്രവൃത്തി 7.8.15 ന് ടെണ്ടർ ചെയ്ത് 1.9.15 ന് എഗ്രിമെന്റ് വെച്ചിട്ടുള്ളതാണ്. എഗ്രിമെന്റ് പ്രകാരം 31.3.16 ന് പൂർത്തീകരിക്കേണ്ട ഈ പ്രവൃത്തി പൂർത്തീകരിച്ചത് 27.12.17 ന് ആണ്. (20 മാസങ്ങൾക്കു ശേഷം). പ്രവൃത്തിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

- കരാറുകാരന്റെ തീയതി ഇല്ലാത്ത (എ.ഇ. ഇനീഷ്യൽ ചെയ്യാത്ത) കത്തുപ്രകാരം പദ്ധതി പ്രദേശത്തെ ജനങ്ങൾ 100000/-രൂപ കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുകയില്ല എന്ന കാരണത്താൽ പണിയെടുക്കുവാൻ അനുവദിച്ചിട്ടില്ല എന്നു കാണുന്നു. ആയതിനാൽ 2015-16 ൽ പണി പൂർത്തീകരിക്കാൻ സാധിച്ചില്ല എന്നും റോഡ് പണിക്കാവശ്യമായ സംഖ്യ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ കരാറുകാരൻ ഈ കത്തിൽ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും അസി.എഞ്ചിനീയർ കത്തിൽ initial ചെയ്തിട്ടില്ലാത്തതിനാലും കരാറുകാരൻ പ്രവൃത്തിയിൽ തടസ്സം നേരിട്ട ഉടനെ പഞ്ചായത്ത് നിർവ്വഹണാധികാരികളെ വിവരം അറിയിച്ചിരുന്നോ എന്ന് വ്യക്തമല്ല.
- മേൽ വിവരം അന്ന് നിലവിലുണ്ടായിരുന്ന വാർഡ് മെമ്പറോ അസി. എഞ്ചിനീയറോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- പ്രവൃത്തി 2016-17 ൽ ചെയ്യാതിരുന്നതിനു വിശദീകരണമില്ല.
- പ്രവൃത്തി പൂർത്തീകരണം ദീർഘീകരണത്തിനുള്ള കരാറുകാരന്റെ അപേക്ഷയിൽ തീയതി ഇല്ല. അസി.എഞ്ചിനീയർ അപേക്ഷ ശുപാർശ ചെയ്തിട്ടില്ല. ഭരണസമിതി സമയം അനുവദിച്ച് പ്രത്യേക തീരുമാനമെടുത്തിട്ടില്ല.
- സപ്ലിമെന്ററി എഗ്രിമെന്റ് 19.12.17 നാണ് വെച്ചിരിക്കുന്നത്. ഇതിൽ

ദീർഘിപ്പിച്ച തീയതി ഇല്ല.

- പ്രവൃത്തി ആരംഭ ഘട്ടത്തിലുണ്ടായ തടസ്സങ്ങൾ ഒഴിവാക്കുന്നതിന് നിർവ്വഹണാധികാരികൾ ആ വർഷം ശ്രമം നടത്തിക്കാണുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/26.03.2019) നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മറുപടി പ്രകാരം പ്രവൃത്തിയിലുണ്ടായ തടസ്സങ്ങൾ കരാറുകാരനുമായി സംസാരിച്ച് പൊതുജനനന്മയെ ഉദ്ദേശിച്ച് പ്രവൃത്തി നടപ്പാക്കുകയാണുണ്ടായത് എന്നാണ്. കൂടാതെ ഈ വിവരങ്ങൾ ശരി വെയ്ക്കുന്ന വാർഡ് മെമ്പറുടെ "26.3.19 "-ാം തീയതിയിലെ കത്തും ഹാജരാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

- ഫണ്ടുകൾ വാർഡ് തലത്തിൽ വീതം വെയ്ക്കാതെ പദ്ധതി പ്രദേശത്തെ ആവശ്യകത കണക്കിലെടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ട് വകയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.
- പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കുന്നതിനു മുൻപായി ഭരണസാങ്കേതികാനുമതികൾക്കൊപ്പം ഫണ്ട് ലഭ്യത, തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.
- പ്രൊജക്ടുകളുടെ പ്രവർത്തന കലണ്ടർ അനുസരിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയും പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങൾ അവലോകനം നടത്തേണ്ടതും നിർവ്വഹണോദ്യോഗസ്ഥന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും പ്രവൃത്തി പൂർത്തീകരണത്തെ ബാധിക്കുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് ഫലപ്രദമായി ഇടപെടേണ്ടതുമാണ്.

## 3-11 ബിറ്റുമിന്റെ ബാക്കി തുക സംബന്ധിച്ച്

2016-17 വർഷത്തെ 28 ടാറിംഗ് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങുന്നതിനായി 1938971/-രൂപ ടി പ്രവൃത്തികളിൽ നിന്നും അസി.എഞ്ചിനീയർ 30.03.17 ന് പിൻവലിച്ച് 04.04.17 ന് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. ബിറ്റുമിൻ വാങ്ങിയതിന് HPCL, കൊച്ചി എന്ന സ്ഥാപനത്തിന് 1322689/- രൂപയും Hindustan Colas Pvt.Ltd, കൊച്ചി എന്ന സ്ഥാപനത്തിന് 465010/- രൂപയും ഉൾപ്പെടെ ആകെ

1787699/- രൂപ സെക്രട്ടറി നൽകിയിട്ടുണ്ട്. Hindustan Colas Pvt.Ltd, കൊച്ചി എന്ന സ്ഥാപനത്തിന് തുക നൽകിയതിൽ ഹാജരാക്കിയ ഇൻവോയ്സ്കൾ പ്രകാരം 5981/-രൂപ ഇനിയും നൽകാനുള്ളതായി കാണുന്നു. ഇത് പിന്നീട് നൽകിയിട്ടില്ല. പിൻവലിച്ചതിൽ ബാക്കിയുള്ള തുക എത്രയാണെന്നും തുക നിലവിൽ ഏത് അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത് എന്നുമുള്ള വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/26.03.2019) സെക്രട്ടറി നൽകിയ മറുപടി അസി.എഞ്ചിനീയർ സെക്രട്ടറിക്ക് നൽകിയ തുകയിൽ ട്രാൻസ്പോർട്ടഷൻ ചാർജ് 62760/-, ലോഡിംഗ് ചാർജ് 13005/- എന്നിവ കൂടി കഴിച്ച് ബാക്കി 75507/- രൂപ തനതു ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട് എന്നാണ്. അസി.എഞ്ചിനീയർ ആവശ്യകത കണക്കാക്കിയ അളവിൽ ബിറ്റുമിൻ ലഭ്യമായ സാഹചര്യത്തിൽ തനതു ഫണ്ടിൽ ബാക്കിയുള്ള തുക 75507/- രൂപ തിരികെ സർക്കാർ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 ഏറ്റെടുത്ത പ്രൊജക്റ്റ് നടപ്പിലാക്കാൻ സാധിച്ചില്ല - പദ്ധതി ഉപേക്ഷിച്ചു

പ്രൊജക്റ്റിൻെറ പേര് – ഹൈസ്കൂൾ വിദ്യാർത്ഥിനികൾക്ക് ഷീ പാഡ്
പ്രൊജക്റ്റ് നം - 225/18

നിർവ്വഹണോദ്യാഗസ്ഥൻ – പ്രഥമാധ്യാപകൻ (ജി.എം.എൽ.പി.എസ്,അരിയൂർ) ഹൈസ്കൂൾ വിദ്യാർത്ഥിനികൾക്ക് ഷീ പാഡ് - എന്ന പേരിൽ 2017-18 ൽ പ്രൊജക്റ്റ് നം - 225 പ്രകാരം 400000 രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഈ പ്രൊജക്റ്റ് നടപ്പിലായിട്ടില്ല. ആയതിൻെറ കാരണം വിശദമാക്കേണ്ടതാണ് എന്ന ഓഡിറ്റ് അന്വേഷണ(4/16.03.2019) ത്തിന് മറുപടിയായി, ആയത് വിതരണം ചെയ്യുന്ന വനിതാ വികസന കോർപറേഷന് ഈ സാമ്പത്തികവർഷം അവ വിതരണം ചെയ്യാൻ സാങ്കേതികപ്രയാസമുണ്ടെന്ന കാരണത്താലാണ് ടി പ്രൊജക്റ്റ് നടപ്പിലാക്കാൻ കഴിയാതിരുന്നത് എന്നു വിശദമാക്കിയിട്ടുണ്ട്.

ഈ പ്രൊജക്റ്റ് 2018-19 വർഷത്തിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടില്ല എന്നും സ്ഥലധികൃതർ ബോധിപ്പിച്ചിട്ടുണ്ട്.

മേൽ പ്രൊജക്റ്റിനെ സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പിലും, സ്റ്റാൻഡിംഗ് കമ്മിറ്റിയിലും വിശദമായ ചർച്ചകളോ, മറ്റു വിലയിരുത്തലുകളോ ഉണ്ടായതായി കാണുന്നില്ല.

തുടർ വർഷങ്ങളിൽ, പ്രൊജക്റ്റ് ആസൂത്രണം മുതലുള്ള കാര്യങ്ങൾ വർക്കിംഗ്

ഗ്രൂപ്പിലും, സ്റ്റാൻഡിംഗ് കമ്മിറ്റിയിലും വിശദമായ ചർച്ച ചെയ്യുകയും, ആയവയിൽ നടപ്പിലാക്കാൻ സാധിക്കുന്നവ മാത്രം പരമാവധി ഏറ്റെടുക്കുകയും, അവ പൂർണ്ണമായി നടപ്പാക്കാൻ ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്.

# 3-13 ബയോഗ്യാസ് പ്ലാന്റ് - 6250/- രൂപ പ്ലാൻ ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ചു

പദ്ധതി - ബയോഗ്യാസ് പ്ലാന്റ്(219/18)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

ധനകാര്യ കമ്മീഷൻ ഗ്രാന്റ് – 367500

| | |
|---|---|
| തനത് ഫണ്ട് | 2500 |
| ഗു.വിഹിതം | 407000 |
| ആകെ | 77700 |
| ചെലവ് | 131250/-രൂപ(ഗു.വിഹിതം) |

IRTC, മുണ്ടൂർ നിർവ്വഹണ ഏജൻസിയായ ഈ പദ്ധതി പ്രകാരം ഒരു ബയോഗ്യാസ് പ്ലാന്റിന്റെ വില 10500/- രൂപ, ആയതിൽ 5000/-രൂപ സബ്സിഡിയും, 5500/- രൂപ ഗുണഭോക്തൃവിഹിതവുമാണ്.

തൻ വർഷം 25 ഗുണഭോക്താക്കളാണുള്ളത്. ആയതു പ്രകാരം തൻവർഷം IRTCയ്ക്ക് മുൻകൂറായി ഗുണഭോക്തൃവിഹിതം മാത്രമാണ് നൽകിയിരിക്കുന്നത് 131250/-രൂപ. 25 ഗുണഭോക്താക്കളുടെ ഗുണഭോക്തൃവിഹിതം (25x5500) 1,37,500/- രൂപ നൽകുന്നതിനു പകരം 131250/- രൂപയാണ് നൽകിയത്. 6250/- രൂപ കുറവായാണ് നൽകിയിരിക്കുന്നത്. 2018-19 വർഷത്തിൽ പ്രോജക്റ്റ് നം. so312/19 പ്രകാരം പ്ലാൻ വിഹിതം 125000/- രൂപ അടവാക്കുന്നതിനു പകരം 131250/-രൂപ (ട്രഷറി ബിൽ നം.3/10.8.18) IRTCയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ നിന്നും 6250/-രൂപ അധികമായി പിൻവലിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണത്തിന് (നം. 15/22.3.2019) മറുപടിയിൽ പ്ലാൻ ഫണ്ടിൽ നിന്നും അധികം ചെലവ് ചെയ്ത 6250/- രൂപ തനത്ഫണ്ടിൽ നിന്ന് പ്ലാൻ ഫണ്ടിലേക്ക് അടവാക്കി രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 3-14 ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ

വി.ഇ.ഒ നിർവ്വഹണം നടത്തിയ സ്പിൽ ഓവർ പദ്ധതിയായ ഭവന നിർമ്മാണം (ജനറൽ) 69/18 പദ്ധതി പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവ് | നാളിതുവരെ കൈപ്പറ്റിയ തുക | കൈപ്പറ്റാൻ ബാക്കി തുക |
|---|---|---|
| റുബീന W/o. ഏനു, പുതുപറമ്പിൽ, വാർഡ് 17 | 90000 | 10000 |
| സലീന w/o കാസിം, നെയ്യപ്പാടത്ത്, വാർഡ് - 7, അമ്പാഴക്കോട് | 90000 | 10000 |
| മീനാക്ഷി , D/o. ചള്ളപുറത്ത് വേലായുധൻ, കോട്ടോപ്പാടം | 90000 | 10000 |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പൂർത്തീകരണ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-15 പദ്ധതി നിർവ്വഹണം - സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് നടപ്പാക്കേണ്ടതാണ്

പ്രൊജക്ട് നം - 176/18 – ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണങ്ങൾ വാങ്ങൽ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

അടങ്കൽ - 200000

ചെലവ് - 195800- ബിൽ നം - 12/22.01.18

മേൽ പദ്ധതി പ്രകാരം ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ഇൻവോയ്സ് നം - MKTG/TRD/0024/17-18/23.12.17 പ്രകാരം 195800 രൂപക്ക് ശ്രവണസഹായികൾ കെൽട്രോൺ ഇലക്ട്രോ സെറാമിക്സ്, കുറ്റിപ്പുറത്തിൽ നിന്ന് പർച്ചേസ് ചെയ്തിട്ടുണ്ട്. ഉപകരണങ്ങളുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഉപകരണം | എണ്ണം | നിരക്ക് | ആകെ |
|---|---|---|---|---|
| 1 | Hearing aid pocket - severe | 2 | 1600 | 3200 |
| 2 | Hearing aid pocket - profound | 1 | 2200 | 2200 |
| 3 | Hearing aid severe BTE | 24 | 5600 | 134400 |
| 4 | Moderate to profound BTE | 7 | 8000 | 56000 |
| | | | ഒട്ടാകെ | 195800/- |

പദ്ധതി നിർവ്വഹണം 13-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) നം. 80/2017 ത.സ്വ.ഭ.വ 3.04.17പ്രകാരമുള്ള നിർദ്ദേശങ്ങൾക്കനുസൃതമാണോ എന്ന് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

1. ഓരോ വ്യക്തിക്കും പ്രത്യേക സ്പെസിഫിക്കേഷനുകളോടുകൂടിയ ഉപകരണങ്ങൾ ആവശ്യമുള്ളതിനാൽ പ്രൊജക്ട് തയ്യാറാക്കുന്നതിനു മുൻപ് താലൂക്ക്/ജില്ലാ ആശുപത്രികളിൽ നിന്നുള്ള സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർമാർ, മറ്റ് വിദഗ്ധർ എന്നിവരടങ്ങുന്ന സംഘം മുഖേന ആവശ്യകതാ നിർണ്ണയ ക്യാമ്പ് നടത്തി ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. പ്രസ്തുത പദ്ധതിയിൽ കെൽട്രോൺ കമ്പനിയിൽ നിന്നും വന്ന സൗണ്ട് എഞ്ചിനീയറും, മഞ്ചേരി മെഡിക്കൽ കോളേജിൽ നിന്നും വന്ന ഓഡിയോളജിസ്റ്റും ചേർന്നാണ് ക്യാമ്പ് സംഘടിപ്പിച്ചിട്ടുള്ളത്. പരിശോധന ഏതൊക്കെ തീയതികളിലാണ് നടത്തിയതെന്ന് വ്യക്തമാക്കുന്ന രേഖകൾ

കൃത്യതയോടെ സൂക്ഷിച്ചിട്ടില്ല.

2. സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്ന് നൽകുന്ന കാർഡ് പ്രകാരം 40 ശതമാനത്തിലധികം വൈകല്യമുള്ളവരെയും, കാർഡ് ലഭിക്കാത്ത അർഹരായവരുമുണ്ടെങ്കിൽ അവരെയുമാണ് ക്യാമ്പിലേക്ക് ക്ഷണിക്കേണ്ടത്. ഈ മാനദണ്ഡം കൃത്യമായി പാലിച്ചതായും കാണുന്നില്ല.

മേൽ ശ്രവണസഹായികൾ 32 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തിട്ടുണ്ട്.

ഭാവിയിൽ സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് പദ്ധതി നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-16 വാങ്ങൽ പദ്ധതികൾ- ടെണ്ടർ നിബന്ധനകൾ പാലിക്കേണ്ടതും പ്രൊക്യൂർമെന്റ് നടപടികൾ സുതാര്യമാക്കേണ്ടതുമാണ്

പ്രൊജക്റ്റ് നം - 144/18 -എസ്.സി വിഭാഗത്തിന് പി.വി.സി വാട്ടർ ടാങ്ക് വാങ്ങി നൽകൽ

നിർവ്വഹണം - അസി.സെക്രട്ടറി

അടങ്കൽ - 1040000 (585000 – വികസന ഫണ്ട് + 195000 – തനത് ഫണ്ട് + 260000- ഗുണഭോക്തൃവിഹിതം)

ചെലവ് - വികസന ഫണ്ട് - 251600 ബിൽ നം - 45/24.03.18

- 123600 ബിൽ നം - 24/8.03.18

- 58625 ബിൽ നം - 25/28.03.18

ഗുണഭോക്തൃ വിഹിതം - - 148000

ആകെ - 581825

എ) മേൽ പദ്ധതി പ്രകാരം 185 പട്ടികജാതി വിഭാഗക്കാർക്ക് 75% സബ്സിഡി നിരക്കിൽ 500 ലിറ്റർ പി.വി.സി വാട്ടർ ടാങ്കുകൾ വാങ്ങി നൽകുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പർച്ചേസിനായി അവലംബിച്ചിട്ടുള്ള ടെണ്ടർ നടപടിക്രമങ്ങൾ 2013ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ (പി) നം.259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

1. ടെണ്ടറിൽ പൂർണ്ണമായ സ്പെസിഫിക്കേഷനുകൾ ഉൾപ്പെടുത്തിയിട്ടില്ല. 500 ലിറ്റർ പി.വി.സി വാട്ടർ ടാങ്ക് ISI marked എന്നാണ് സ്പെസിഫൈ ചെയ്തിട്ടുള്ളത്. വാട്ടർ ടാങ്കിന്റെ ഭാരം സ്പെസിഫൈ ചെയ്തിട്ടില്ല. 18.09.17 ന് ആദ്യടെണ്ടർ ക്ഷണിച്ചതിൽ ടെണ്ടർ സമർപ്പിച്ച 2 സ്ഥാപനങ്ങളും, 12.10.17ന് നടത്തിയ റീടെണ്ടറിൽ ടെണ്ടർ സമർപ്പിച്ചിട്ടുള്ള 6 സ്ഥാപനങ്ങളും വിവിധ ഭാരത്തിലും, വിവിധ നിറത്തിലും, വിവിധ കാറ്റഗറിയിലുമുള്ള ടാങ്കുകൾക്ക് വ്യത്യസ്ത നിരക്കുകൾ ക്വാട്ട് ചെയ്തിട്ടുണ്ട്. ഒരു സ്ഥാപനം തന്നെ വ്യത്യസ്ത ഭാരത്തിലുള്ള വിവിധ നിരക്കുള്ള ടാങ്കുകൾ ക്വാട്ട് ചെയ്തിട്ടുമുണ്ട്.
2. മേൽ പദ്ധതിയിൽ സാമ്പിൾ പരിശോധന അനിവാര്യമായതിനാൽ ടെണ്ടർ പരസ്യത്തിൽ ആയത് പ്രത്യേകം പരാമർശിച്ചിട്ടില്ല.
3. 12.10.17 ന് നടത്തിയ റീടെണ്ടറിൽ ആകെ ലഭ്യമായ 6 ടെണ്ടറുകളിൽ 500 ലിറ്റർ പി.വി.സി വാട്ടർ ടാങ്കിന്റെ ഒരേ സ്പെസിഫിക്കേഷൻസ് ഉള്ളതും, ഭാരം മാത്രം വ്യത്യാസമുള്ളതുമായ ടെണ്ടറുകൾ താരതമ്യം ചെയ്തതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | സ്പെസിഫിക്കേഷൻസ് | നിരക്ക് |
|---|---|---|---|
| 1 | Carris pipes & tubes<br>കുവപ്പടി, കൊച്ചി | 500litre 100% food grade, 18 kg, black colour | 3145 |
| 2 | വിക്ടോറിയ പോളിഫോം, അരിമ്പൂർ, തൃശ്ശൂർ | 500litre ISO tank, 2 layer, ocean – 12.5 kg<br>ISO 2 layer, classic – 10.25kg<br>ISO 2 layer, Triveni – 9.25 kg | 2800<br>2000<br>1500 |

മേൽ വാട്ടർ ടാങ്കുകളെല്ലാം തന്നെ ISO സർട്ടിഫൈഡും, 10 വർഷം വാറന്റിയുള്ളതുമാണ്. ഇതിൽ Carris pipes & tubes ന്റെ 18 kg ഭാരമുള്ള 3145/-രൂപ നിരക്കിലുള്ള വാട്ടർ ടാങ്കാണ് പർച്ചേസ് ചെയ്തിട്ടുള്ളത്. കുറഞ്ഞ നിരക്കുള്ള മറ്റ് ഇനങ്ങൾ സ്വീകരിക്കാതിരുന്നതിന് പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രത്യേക തീരുമാനമൊന്നും എടുത്തിട്ടില്ല. ലഭ്യമായ ടെണ്ടറുകളുടെ ഗുണനിലവാരം നിശ്ചയിക്കുന്നതിന് സാമ്പിൾ പരിശോധിച്ചതായും കാണുന്നില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 12/21.03.19) നിർവ്വഹണോദ്യോഗസ്ഥ സമർപ്പിച്ച മറുപടി താഴെ ചേർക്കുന്നു.

12.10.17ന് നടത്തിയ റീടെണ്ടറിൽ ലഭിച്ച ടെണ്ടറുകളിൽ, ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരം ഐ.എസ്.ഐ മാർക്ക് ഉള്ള വാട്ടർ ടാങ്കുകൾ ഒന്നും തന്നെ ലഭ്യമായിരുന്നില്ല. സ്ഥാപനങ്ങൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ഉണ്ട് എന്ന് മാത്രമാണ് ടെണ്ടറിൽ പരാമർശിച്ചിട്ടുള്ളത്. ആയതിനാൽ കുറഞ്ഞ നിരക്കുള്ള ഐ.എസ്.ഐ മാർക്കോട്ടു കൂടിയ വാട്ടർ ടാങ്കുകളാണ് പർച്ചേസ് ചെയ്തത് എന്നാണ്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് ഓഡിറ്റിന്റെ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. മേൽ പർച്ചേസിൽ തൂക്കം സ്പെസിഫൈ ചെയ്യാത്തതിനാൽ സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടറുകളിൽ 9.5 kg മുതൽ 18 kg വരെ വ്യത്യസ്തമായ തൂക്കത്തിലുള്ള ടാങ്കുകളുടെ താരതമ്യം നടത്തുക സാദ്ധ്യമല്ല. ആയതിനാൽ ആവശ്യകത അനുസരിച്ച് ടെണ്ടർ പരസ്യത്തിൽ പർച്ചേസ് ചെയ്യുവാൻ ഉദ്ദേശിക്കുന്ന സാമഗ്രികളുടെ കൃത്യമായ സ്പെസിഫിക്കേഷനുകൾ ഉൾപ്പെടുത്താതിരുന്നത് സ്റ്റോർസ് പർച്ചേസ് മാനദണ്ഡങ്ങളുടെ ലംഘനമാണ്.
2. സാമ്പിൾ പരിശോധന അനിവാര്യമായ സംഗതികളിൽ പൊതു നിബന്ധനകൾക്കു പുറമെ ടെണ്ടർ പരസ്യത്തിൽ ആയത് പ്രത്യേകം പരാമർശിക്കേണ്ടതാണ്.
3. പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനങ്ങളിൽ ഗുണനിലവാര നിർണ്ണയം, കുറഞ്ഞ നിരക്കിലുള്ളവ ഒഴിവാക്കുന്നതിന്റെ കൃത്യമായ കാരണം എന്നിവ വിശദമായി രേഖപ്പെടുത്തേണ്ടതും ഇതനുസരിച്ച് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുക്കേണ്ടതുമാണ്. തുടർന്നുള്ള വാങ്ങലുകളിൽ വാങ്ങൽ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

ബി) <u>അധിക ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതാണ്.</u>

മേൽ പദ്ധതി പ്രകാരം 581825/-രൂപ മൂല്യമുള്ള 185 ടാങ്കുകൾ പർച്ചേസ് ചെയ്തിട്ടുണ്ട്. സബ്സിഡി മാർഗ്ഗ നിർദ്ദേശ പ്രകാരം 75% സബ്സിഡിയായി 436369/- രൂപയും, 25% ഗുണഭോക്തൃവിഹിതമിനത്തിൽ 145456/- രൂപയുമാണ് ചെലവഴിക്കേണ്ടിയിരുന്നത്. രസീതുകൾ (ബുക്ക് നം - 11240,11242) പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ 188 ഗുണഭോക്താക്കളിൽ നിന്ന് ആകെ 150400/- രൂപ ഈടാക്കി കാണുന്നു. (800x188). ഗുണഭോക്തൃവിഹിതം 2400/-രൂപ (800x3) അധികം ഈടാക്കിയിട്ടുണ്ട്. ആയത് ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-17 <u>മാനസിക വെല്ലുവിളികൾ നേരിടുന്ന</u>

## വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

പദ്ധതി - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(122/18)

അടങ്കൽ - 700000/- – പ്ലാൻ ഫണ്ട്

ചെലവ് - 700000/-

നിർവഹണ ഉദ്യോഗസ്ഥ – ഐ സി ഡി എ സ് സൂപ്പർവൈസർ

പദ്ധതി പ്രകാരം ആകെ 66 പേർക്കാണ് സ്കോളർഷിപ്പ് അനുവദിച്ചിരിക്കുന്നത്. അതിൽ 41 പേർ മാനസിക വെല്ലുവിളി നേരിടുന്നവരാണ് അവർക്ക് പ്രതിമാസ സ്കോളർഷിപ്പ് 1000/- രൂപ മാത്രമാണ് നൽകിയിരിക്കുന്നത്.

3-4-17 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 80/17 ത.സ്വ.ഭ.വ. ഉത്തരവിലെ ഖണ്ഡിക 10.3 പ്രകാരം മാനസീക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത ഇനത്തിൽ പ്രതിമാസം ആയിരം രൂപ വീതവും വസ്ത്രത്തിനും, പഠന സഹായിക്കും, ഉല്ലാസ യാത്രയ്ക്കും വർഷത്തിൽ യഥാക്രമം 1500, 2000, 1000 രൂപയും സാമ്പത്തിക സഹായം നൽകാമെന്ന് (പരമാവധി 28500) വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ നിയമാനുസൃതമായ മുഴുവൻ തുകയും അനുവദിക്കുന്ന തരത്തിൽ പദ്ധതി അടങ്കൽ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 191250 | നെൽകൃഷി - ഉഴവ് കൂലി | 191250 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 50000 | പാലിന് സബ്സിഡി | 50000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല

## 4-5 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2008-09 | 3-2 | 2011-12 | 2-4 | പൊതു അവലോകനം- ഗുണഭോക്തൃ ലിസ്റ്റിൽ പെടാത്തവർക്ക് ആനുകൂല്യം നൽകി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി അന്തിമ തീർപ്പ് കൽപ്പിച്ചിട്ടില്ല |
| 2009-10 | 3-1 | 2011-12 | 2-6 | പദ്ധതി ഫണ്ടിന്റെ സമയബന്ധിത വിനിയോഗം ഉറപ്പാക്കുകയോ, വിനിയോഗിക്കാത്ത തുക തിരിച്ചടക്കുകയോ ചെയ്യുന്നില്ല. | ---ടി---- |
| പ്രവർത്തനക്ഷമതാ ഓഡിറ്റ് | - | 2011-12 | 3-3-7 | ശിശു ക്ഷേമ പദ്ധതികളും, അങ്കണവാടികളും - കെട്ടിടങ്ങളുടെ സുരക്ഷിതത്വം- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | ടി |
| പ്രവർത്തനക്ഷമതാ ഓഡിറ്റ് | - | 2011-12 | 3-3-13 | ശിശു ക്ഷേമ പദ്ധതികളും, അങ്കണവാടികളും- ഭക്ഷ്യവസ്തുക്കളുടെ വാങ്ങൽ | ടി |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 78526298 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 97840663 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 38038/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 69650 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-9 | | 38038/- (fine) | ശ്രീ. അബ്ദുൾ അസീസ്.കെ., അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 69650 | ശ്രീ ജയദേവൻ. വി, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ജയദേവൻ. വി സെക്രട്ടറി | സെക്രട്ടറി, കോട്ടോപ്പാടം ഗ്രാമപഞ്ചായത്ത് | ദേവാലയം, പെരുമ്പടാരി(പി.ഒ) മണ്ണാർക്കാട് പാലക്കാട് |
| ശ്രീ അബ്ദുൾ അസീസ്.കെ., | അസി.എഞ്ചിനീയർ, കോട്ടോപ്പാടം | കോരപ്പറത്ത്, അലനെല്ലൂർ പി.ഒ |

| | | |
|---|---|---|
| അസി.എഞ്ചിനീയർ | ഗ്രമപഞ്ചായത്ത് | പാലക്കാട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി.5/-440/98 തിയതി 14-11-98 | 11 |
| 1997-98 | ടി | 28 |
| 1998-99 | എൽ.എഫ്.പി.5/9/98 തിയതി 14-11-98 | 9 |
| 1999-00 | എൽ.എഫ്.പി.11/1096/03 തിയതി 01-09-2004 | 12 |
| 2000-01 | എൽ.എഫ്.പി.11/543/05 തിയതി 14-02-2007 | 13 |
| 2001-02 | എൽ.എഫ്.പി.11/350/2006 തിയതി 30-01-2007 | 4 |
| 2002-03 | എൽ.എഫ്.പി.11/713/2008 തിയതി 02-06-2009 | 6 |
| 2003-04 | എൽ.എഫ്.പി.11/714/2008 തിയതി 02-06-09 | 5 |
| 2004-05 | എൽ.എഫ്.പി.11/715/2008 തിയതി 02-06-2009 | 29 |
| 2005-06 | എൽ.എഫ്.പി.11/716/2008 തിയതി 02-06-2009 | 4 |
| 2006-07 | എൽ.എഫ്.പി.11/717/2008 തിയതി 02-06-2009 | 7 |
| 2007-08 | എൽ.എഫ്.പി.20/137/2012 തിയതി 16-01-12 | nil |
| 2008-09 | എൽ.എഫ്.പി.20/138/2012 തിയതി 16-01-12 | 1 |
| 2009-10 | എൽ.എഫ്.പി.20/1420/2013 തിയതി 08-04-14 | 4 |

| | | |
|---|---|---|
| 2010-11 | എൽ.എഫ്.പി.20/1421/2013 തിയതി 08-04-14 | 6 |
| 2011-12 | എൽ.എഫ്.പി.20/1756(എ)/2014 തിയതി 17.09-14 | 1 |
| 2012-13 | എൽ.എഫ്.പി.20/360/2015 തിയതി14-05-15 | 5 |
| 2013-14,2014-15 | നം.കെ.എസ്.എ. പി.കെ.ഡി9/ 956 /2016/13.07.2016 | 1 |
| 2015-16 | നം.കെ.എസ്.എ. പി.കെ.ഡി.9-2142/16/2-2-2017 | 2 |
| 2016-17 | നം.കെ.എസ്.എ പികെഡി9-1644/2017 /2.11.2017 | 2 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. TPA-147 എന്ന ട്രഷറി അക്കൗണ്ടിൽ വാർഷിക കണക്ക് പ്രകാരം 12840രൂ. നീക്കിയിരിപ്പ് കാണുന്നു. എന്നാൽ ഈ അക്കൗണ്ട് സംബന്ധിച്ച് റീകൺസിലിയേഷൻ നടത്തിയിട്ടില്ല.
2. ബാലൻസ് ഷീറ്റിൽ "State Govt cesses /levies in property tax”(library cess ) എന്ന ഇനത്തിലുള്ള തുക =ബാലൻസ് ഷീറ്റിലെ ((വസ്തുനികുതി കുടിശ്ശിക + തൻവർഷകുടിശ്ശിക തുക) x 5)/105 എന്നതിൽ നിന്നും 5861 രൂപയുടെ വ്യത്യാസമുണ്ട്.
3. വസ്തു നികുതി രജിസ്റ്ററിന്റെ സംക്ഷിപ്തം സാക്ഷ്യപെടുത്തിയിട്ടില്ല.
4. മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്ത ചെക്കുകളുടെ തുക "കാലാവധി കഴിഞ്ഞ ചെക്കുകൾ (Liability in respect of stale cheque)”എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.
5. ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല.
6. നിർവ്വഹണ ഉദ്യോഗസ്ഥർ സബിസിഡിയറി റജിസ്റ്റർ സൂക്ഷിക്കുന്നില്ല.
7. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
8. ആസ്തികകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള ഡിപ്രിയിസേഷൻ രേഖപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം -2

## വാർഷിക ധനകാര്യപത്രിക സംഷിപ്തം

| 1. INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5611385.00 |
| 140000000 | Fee & User Charges | I-4(b) | 1487273.00 |
| 150000000 | Sale & Hire Charges | I-5(b) | 211346.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 1863374.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / | 1-6 | 86171571.00 |
| | Subsidies | | |
| 171000000 | Interest Earned | 1-8 | 351760.00 |
| 180000000 | Other Income | 1-9 | 10689.00 |

| | | | |
|---|---|---|---|
| | Total Income | | 95707398.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9883000.00 |
| 220000000 | Administrative Expenses | I-11(b) | 1160607.00 |
| 230000000 | Operations & Maintenance | I-12(b) | 3029379.00 |
| 240000000 | Interest & Finance Charges | I-13 | 700.00 |
| 250000000 | Decentralised Plan Programme- Productive Sector / | I-14 | 9278988.00 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 33367419.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | I-14(b) | 1125072.00 |
| 253000000 | Decentralised Plan Programme-Projects not included in | I-14(c) | 1014245.00 |
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 16474655.00 |
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 15715398.00 |
| 260000000 | Grants, Contributions & Compensation from Own Fund / | I-15 | 20000.00 |
| | Subsidies | | |
| | Total Expenditure | | 91051463.00 |
| | Gross Surplus/ Deficit of income over Expenditure | | 4655935.00 |
| 280000000 | Prior Period Item | I-18 | -10000.00 |

| | | | |
|---|---|---|---|
| Gross Surplus/Deficit of Income over Expenditure after prior period items. | 4665935.00 | | |

| 2. BALANCE SHEET | | | |
|---|---|---|---|
| for the period from 01-April-2017 to 31-March-2018 | | | |
| | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B1 | 47137734.85 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B2 | 13362.00 |
| | Agency Fund | | |
| 312000000 | Reserves | B3 | 27006806.00 |
| | Total Reserve & Surplus | | 74157902.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B4 | 2560640.00 |
| | Total Grants, Contributions for Specific Purposes | | 2560640.00 |
| Loans | | | |
| 330000000 | Secured Loans | B5 | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B7 | 291514.00 |
| 341000000 | Deposits Wozks | B8 | 0.0 |
| 350000000 | Other Liabilities | B9 | 1169989.15 |
| | Total Current Liabilities and Provisions | | 1461503.15 |
| | TOTAL LIABILITIES | | 78180046.00 |

| | | | |
|---|---|---|---|
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B11 | 30566186.00 |
| 412000000 | Capital Work in Progress | B11(a) | 1811944.00 |
| | Total Fixed Assets | | 32378130.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B14 | 0.0 |
| 431000000 | Sundry Debtors (Receivables) | B15 | 27730078.00 |
| 440000000 | Pre-paid Expenses | B16 | 0.0 |
| 450000000 | Cash and Bank Balance | B17 | 17857555.00 |
| 460000000 | Loand, Advances and Deposits | B18 | 214283.00 |
| | Total Current Assets, Loans and Advances | | 45801916.00 |
| Other Assets | | | |
| Page No : 1 | | | |
| Miscellaneous Expenditure (To the Extent not written off) | | | |
| TOTAL ASSETS | 78180046.00 | | |

| 3. RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 37171920.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1195010.00 |
| 140000000 | Fees & User Charges | RP-4 | 1382498.00 |
| 150000000 | Sale & Hire Charges | RP-5 | 211346.00 |

| | | | |
|---|---|---|---|
| 151000000 | Receipts from Transferred Institutions | RP-6 | 1938971.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 59368271.00 |
| 171000000 | Interest Earned | RP-9 | 358152.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4531019.00 |
| 350000000 | Other Liabilities | RP-36 | 312925.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 10689.00 |
| 311000000 | Earmarked Funds | RP-29 | 12500.00 |
| 340000000 | Deposits Received | RP-34 | 371064.00 |
| 350000000 | Other Liabilities | RP-36 | 401313.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 7939346.00 |
| 460000000 | Loans, Advances and Deposits | RP-47 | 493194.00 |
| | Grand total | | 115698218.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4768796.00 |
| 220000000 | Administrative Expenses | RP-12 | 1160607.00 |
| 230000000 | Operations & Maintenance | RP-13 | 3029379.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4645467.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 26497663.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 709768.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 1014245.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 1123655.00 |
| Page No : 1 | | | |

| | | | |
|---|---|---|---|
| Schemes | | | |
| 255000000 | Maintenance Projects | RP-20 | 15715398.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 20000.00 |
| 280000000 | Prior Period item | RP-26 | 0.0 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2471112.00 |
| 350000000 | Other Liabilities | RP-36 | 3778509.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 700.00 |
| 280000000 | Prior Period Item | RP-26 | -10000.00 |
| 340000000 | Deposits Received | RP-34 | 311921.00 |
| 350000000 | Other Liabilities | RP-36 | 1286655.00 |
| 410000000 | Fixed Assets | RP-38 | 2188668.00 |
| 412000000 | Capital work in Progress | RP-40 | 1811944.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 26515899.00 |
| 460000000 | Loans, Advances and Deposits | RP-47 | 818277.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 17598600.00 |
| Cash | Cash | RP-40(b) | 258955.00 |
| | Grand Total | | 115698218.00 |